AKPCTA

# kerala private college teacher



ധനുവച്ചപുരം കോളേജിൽ നിന്നുള്ള എ. കെ. പി. സി. ടി. എ.

മന്ദിരഫണ്ട് ജനറൽ സെക്രട്ടറി സ്വീകരിക്കുന്നു.

No. 98. January 1991

# AKPCTA
# കേരള പ്രൈവററ് കോളേജ് ടീച്ചർ മാസിക

എ. കെ. പി. സി. ടി. എ.
മുഖപത്രം
സംസ്ഥാന കമ്മിററി ഓഫീസ്
ടി. സി. 28/406,
അംബുജവിലാസം റോഡ്,
തിരുവനന്തപുരം—1
**ജനുവരി 1991**
**നമ്പർ 98**
പത്രാധിപസമിതി:
വി. നാരായണൻകുട്ടി
ജി. മാധവൻനായർ
പി. ജി. ചന്ദ്രശേഖരൻ നായർ
പി. നരേന്ദ്രൻ
എസ്. ശ്രീനിവാസൻ
ആർ. രവീന്ദ്രൻ നായർ
കെ. പി. ദിവാകരൻ നായർ
(മാനേജിംഗ് എഡിററർ)
വി. എൻ. മുരളി
(എഡിററർ)
വിലാസം:
എഡിററർ:
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം
മാനേജിംഗ് എഡിററർ:
അശ്വതി
എൽ. ഐ. സി. ലെയിൻ ബി.
പട്ടം, കേശവദാസപുരം, തിരുവനന്തപുരം.


# ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിക്കുക

- ☐ യു.ജി.സി. സംബന്ധിച്ചുള്ള ഓപ്ഷൻ, ഫിക്സേഷൻ സ്റേറററുമെൻറുകൾ അയച്ചുകൊടുക്കാൻ നിർദേശം കിട്ടിയിട്ടുള്ള കോളേജുകളിൽ നിന്നും അത് വേഗം അയപ്പിക്കുക.

- ☐ വർക്കുലോഡും, സീനിയോറിററിലിസ്ററും അയച്ചുകൊടുത്തിട്ടില്ലാത്ത അപൂർവ്വം കോളേജുകൾ ഇനിയുണ്ട്. ശ്രദ്ധിക്കുക.

- ☐ എ. കെ. പി. സി. ടി. എ. ഡയറി കിട്ടിയിരിക്കുമല്ലോ. ഇല്ലെങ്കിൽ ജില്ലാ സെക്രട്ടറിയുമായി ബന്ധപ്പെടുക.

- ☐ സംഘടനയുടെ കെട്ടിടഫണ്ടുപിരിവു ഊർജ്ജിതപ്പെടുത്തുക. ഓരോ അംഗത്തിൽ നിന്നും 500 രൂപാവീതം ശേഖരിച്ച് തുക ഡി. ഡി. ആയി ജനറൽ സെക്രട്ടറിയ്ക്ക് അയയ്ക്കുക.

- ☐ ജേർണൽ 100-ാം ലക്കം വിശേഷാൽ പ്പതിപ്പിലേയ്ക്ക് പരസ്യങ്ങൾ ശേഖരിക്കാനുള്ള താരിഫ് കാർഡ് കിട്ടിയിരിക്കുമല്ലോ. വേഗംതന്നെ പരസ്യങ്ങൾ ശേഖരിച്ചയയ്ക്കുക. 20 ശതമാനം കമ്മീഷൻ ബ്രാഞ്ചുകൾക്ക് എടുക്കാവുന്നതാണ്.

- ☐ ജേർണൽ വാർഷിക വരിസംഖ്യ കുടിശ്ശിക വരുത്തിയിട്ടുള്ള ബ്രഞ്ചുകളുണ്ട്. അവർ വരി സംഖ്യ ഉടൻതന്നെ മാനേജിംഗ് എഡിററർക്ക് അയയ്ക്കണം.

**ജി. മാധവൻ നായർ**
ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ.

# ഇവരെ തിരിച്ചറിയുക

യു. ജി. സി, ശമ്പള പരിഷ്കാരം നടപ്പിലാക്കുന്നതിനുണ്ടായതടസ്സങ്ങൾ മാററിയെടുക്കുന്നതിന് എ. കെ. പി. സി. ടി. എ. - എ. കെ. ജി. സി. ടി. സംഘടനകൾക്ക് ഏറെ ക്ലേശം സഹിക്കേണ്ടിവന്നിട്ടുണ്ട്. ഇപ്പോൾ പ്രധാനപ്പെട്ട പ്രതിബന്ധങ്ങൾ മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ നടപ്പിലാക്കുന്ന ജോലി വളരെയധികം മുന്നോട്ടുപോയിട്ടുമുണ്ട്.

മാനേജ്മെൻറുകൾ അധ്യാപകരുടെ നിയമാനുസൃതസീനിയോറിററിലിസ്ററ് യു. ജി. സി. സെല്ലിനു നല്കാതെ ഉണ്ടാക്കിയ കാലതാമസം കുറച്ചൊന്നുമല്ല. സ്വന്തക്കാരെ തിരുകിക്കയററാനും, കഴിയുന്നത്ര കുഴപ്പം നിലനിർത്താനുമാണ് മാനേജ്മെൻറുകൾ ആഗ്രഹിച്ചത്. എന്നാൽ എ. കെ. പി. സി. ടി. എ. മനേജ്മെൻറുകൾക്കെതിരേ ശക്തമായനിലപാടു സ്വീകരിച്ചപ്പോഴാണ് ഒടുവിൽ നിവൃത്തിയില്ലാതെ സീനിയോറികിലിസ്ററു നല്കാമെന്ന് അവർ സമ്മതിച്ചത്.

മാനേജ്മെൻറുകൾ സൃഷ്ടിച്ച തടസ്സങ്ങൾ കാണാതെ, എന്തുകൊണ്ട് കേരളസർക്കാർ യു. ജി. സി. ശമ്പളം തരുന്നില്ല എന്ന് ചോദിച്ച് കപടനാടകമാടുന്ന ചില ഈർക്കിൽ സംഘടനകളെ പത്രങ്ങളിൽ കാണാം. അധ്യാപകരുടേയും പൊതുജനങ്ങളുടേയും കണ്ണിൽ മണ്ണിടുന്ന വ്യാജന്മാരാണിവർ, സീനിയോറിററിലിസ്ററു നല്കാതിരുന്ന മാനേജ്മെൻറുകൾക്കെതിരേ ഇവർ ഒരു അക്ഷരം ഉരിയാടിയിട്ടില്ല; സർക്കാരിനെതിരേ പ്രസ്താവനയുമായി ദിവസവും പത്രമാഫീസിൽ കയറിയിറങ്ങുന്ന ഈ വിദ്വാന്മാർ, മാനേജ്മെൻറുകൾ സീനിയോററിലിസ്ററു കൊടുക്കാത്തത് തെററാണെന്ന് ഒരുപ്രസ്താവനയിലും പറഞ്ഞില്ല. ഇതാണ് ഇവർ തുടർന്നുപോരുന്ന വഞ്ചനയുടെ സ്വഭാവം. ഇത് ആദ്യം മുതലേ തുടങ്ങിയതാണ്, നമുക്കറിയാം കഴിഞ്ഞ പതിനാറു വർഷമായി മാറിമാറി ഭരിച്ച സർക്കാരുകൾ യു. ജി. സി. സ്കീം നടപ്പിലാക്കുകയുണ്ടായില്ല എന്നാൽ ഇടതുപക്ഷമുന്നണി അധികാരത്തിൽ വന്നപ്പോൾ, സാമ്പത്തികഞെരുക്കത്തിൻെറ മധ്യത്തിലും, സ്കീം നടപ്പിലാക്കാൻ തീരുമാനമെടുത്തു. തീരുമാനം വരുന്നുവെന്നറിഞ്ഞ് അതുവരെ കരിങ്കാലിപ്പണി മാത്രം ശീലിച്ചുപോന്ന ഈ കപടസംഘം സമരപ്രഹസനം സംഘടിപ്പിച്ചു. പക്ഷേ അധ്യാപകരെ അതിനു കിട്ടിയില്ല എന്നതു വേറേകാര്യം. ഇപ്പോൾ സ്കീം ധടപ്പിലാകുന്നതിൻെറ അവസാന ഘട്ടമായി എന്നറിഞ്ഞുകൊണ്ടാണ് പുതിയ പുറപ്പാട്. മനേജ്മെൻറുകളുടെ പാദദാസന്മരായി പതുങ്ങിക്കിടക്കുകയും ഇടയ്ക്കൊക്കെ തലപൊക്കി സർക്കാർ യു. ജി. സി. ശമ്പളം തരുന്നില്ലെന്ന് ഒച്ചവയ്ക്കുകയുമാണ് ഇവർ ചെയ്യുന്നത്.

ഈ കാപട്യം അധ്യാപകർ മനസ്സിലാക്കുന്നുണ്ട്. സ്ഥലം മാററങ്ങൾക്ക് വ്യവസ്ഥ നിശ്ചയിച്ചുകൊണ്ട് കേരള സർക്കാർ നടപ്പിലാക്കിയ നിയമം അധ്യാപകർക്കു ലഭിച്ച ഏററവും വലിയ നേട്ടമാണ്. എന്നാൽ അതു നടപ്പിലാക്കാതിരുന്ന മാനേജുമെൻറുകൾക്കെതിരേ ഒററ വാക്കുപോലും ഇവർ പറഞ്ഞില്ലെന്നതും ശ്രദ്ധിക്കുക. നേരത്തെ യൂണിവേഴ്സിററി നിയമത്തിലെ 64/68 വകുപ്പുകൾ നടപ്പിലാക്കിക്കൊണ്ട് അന്തർസർവ്വകലാശാല സ്ഥലംമാററങ്ങൾ കേരളസർക്കാർ നിയന്ത്രിച്ചപ്പോൾ അതിനെതിരേ കേസ്കൊടുക്കാൻ ഈ കപടസംഘം തയ്യാറായി എന്നതാണ് സത്യം. മരം വെട്ടാനുള്ള കോടാലിക്ക് കൈ ആകുന്നതും മരം ആണല്ലോ! □

# എ കെ പി സി ടി എ മന്ദിരഫണ്ട് ഉദ്ഘാടനം

എ. കെ. പി. സി. ടി. എ. ഫ് ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് സമാഹരണ സംരംഭത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 26-11-'90 തിങ്കളാഴ്ച ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളെജിൽ നടന്നു. ഇതു സംബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ വച്ച് എ. കെ. പി. സി. ടി. എ. ധനുവച്ചപുരം ബ്രാഞ്ചിന്റെ ആദ്യഗഡു സംഭാവനയായി ബ്രാഞ്ച് പ്രസിഡണ്ട് നല്കിയ 15000/- രൂപയുടെ ചെക്ക് മുൻ ജന. സെക്രട്ടറിയും കേരള സർവകലാശാല സിണ്ടിക്കേററ് അംഗവുമായ പ്രൊഫ. പി. നരേന്ദ്രനിൽ നിന്നും ജന. സെക്രട്ടറി പ്രൊഫ. ജി മാധവൻ നായർ ഏററുവാങ്ങി.

ബ്രാഞ്ച് പ്രസിഡണ്ട് ഡോ. വി. ശിവശങ്കരപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ വി. ടി. എം. എൻ. എസ്. എസ്. കോളെജിൽ ചേർന്ന സമ്മേളനം പ്രൊഫ. പി. നരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. മൂന്നു പതിററാണ്ടിലേറെ പിന്നിട്ടിരിക്കുന്ന നമ്മുടെ സംഘടന അംഗസംഖ്യ കൊണ്ടും ബന്ധുബലംകൊണ്ടും കേരളത്തിലെ അദ്ധ്യാപക സർവീസ് സംഘടനാ രംഗത്ത് ഒരു പ്രമുഖസ്ഥാനം നേടിയെടുത്തു കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംഘടനയുടെ പ്രവർത്തന മേഖല വികസ്വരമായിക്കൊണ്ടിരിക്കുന്നു, നമ്മുടെ ഉത്തരവാദിത്വങ്ങളും കടമകളും ഏറി വരുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ ശരിയായ വിധത്തിൽ ഏകോപിപ്പിക്കുന്നതിനും ഏറിയ കാര്യക്ഷമതയോടെ നടത്തുന്നതിനും ഭരണസിരാകേന്ദ്രമായ തലസ്ഥാന നഗരിയിൽ സംഘടനയ്ക്ക് സ്വന്തമായി ഒരു ഓഫീസ് മന്ദിരം ഉണ്ടായേ പററൂ എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ധനുവച്ചപുരം യൂണിററിന്റെ മാതൃകാപരമായ നടപടിയിൽ അദ്ദേഹം യൂണിററ് അംഗങ്ങളെ അഭിനന്ദിച്ചു. ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള മഹത്തായ ഉദ്യമം വിജയിപ്പിക്കുന്നതിന് എല്ലാ അദ്ധ്യാപകരുടെയും സഹായ സഹകരണങ്ങൾ അദ്ദേഹം അഭ്യർത്ഥിച്ചു.

ധനുവച്ചപുരം യൂണിററിന്റെ ആദ്യഗഡു സംഭാവന ഏററുവാങ്ങിക്കൊണ്ട് ജന. സെക്രട്ടറി, കെട്ടിട നിർമാണത്തിനു വേണ്ടി നാം മുമ്പു നടത്തിയ ശ്രമങ്ങളെക്കുറിച്ചു പരാമർശിച്ചു. സ്വകാര്യ കോളെജദ്ധ്യാപകന്റെ എണ്ണമററ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി നമുക്കു നിരന്തരമായി നടത്തേണ്ടി വന്ന പ്രക്ഷോഭ സമരങ്ങൾക്കിടയിൽ കെട്ടിട നിർമ്മാണം എന്ന ഏക ലക്ഷ്യത്തിൽ മെയ്യും മനസും കേന്ദ്രീകരിച്ചു പ്രവർത്തിക്കാനുള്ള സ്വസ്ഥതയും സാവകാശവും നമുക്കു ലഭിച്ചിട്ടില്ല. എന്നാൽ ഏറെക്കാലമായി നാം ഉന്നയിച്ചു പോരുന്ന പ്രധാനപ്പെട്ട ചില ആവശ്യങ്ങൾ—യു. ജി. സി. ശമ്പളവ്യവസ്ഥ കേരളത്തിലും നടപ്പിലാക്കുക, അന്തർസർവകലാശാലാ സ്ഥലം മാററങ്ങൾ അവസാനിപ്പിക്കുക, സർവകലാശാല പരിധിക്കുള്ളിലെ മാററങ്ങൾക്ക് വ്യവസ്ഥയുണ്ടാക്കുക തുടങ്ങിയവ-സാധിത പ്രായമായ ഇന്നത്തെ സാഹചര്യത്തിൽ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള സാവകാശം നമുക്കു കൈവന്നിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. കോളെജ് അദ്ധ്യാപകർക്കിടയിൽ ഒരു പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അദ്ദേഹം വിരൽ ചൂണ്ടി. സംസ്ഥാന വൈസ് പ്രസിഡണ്ട് പ്രൊഫ. എസ്. വിശ്വനാഥൻ തന്റെ ആശംസാ പ്രസംഗത്തിൽ ധനുവച്ചപുരം യൂണിററിനെ അഭിനന്ദിച്ചു. യൂണിററിന്റെ നടപടി മററുയൂണിററുകൾക്ക് പ്രേരണയും പ്രചോദനവും ആയിത്തീരട്ടെ എന്ന് പ്രത്യാശിച്ചു.

അദ്ധ്യാപകർ തങ്ങളുടെ സേവന വേതന സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി പരിശ്രമിക്കുന്നതോടൊപ്പം തന്നെ സമൂഹത്തോടുള്ള കടമകൾ പൂർണമായി നിറവേററുന്നതിലും ശ്രദ്ധിക്കണമെന്ന് സംഘടനയുടെ മുൻട്രഷറർ പ്രൊഫ. ടി കെ. ഗോപാലകൃഷ്ണൻ നായർ ഓർമിപ്പിച്ചു. അല്പം കാലതാമസം ഉണ്ടായാലും വേണ്ടില്ല, നമ്മുടെ സംഘടനയ്ക്കു വേണ്ടി എല്ലാ സൗകര്യങ്ങളോടു കൂടിയ ഒരു ഓഫീസ് മന്ദിരം തന്നെ നിർമ്മി

ക്കണമെന്ന് പ്രിൻസിപ്പൽ. പ്രൊഫ. പി. ഹരികുമാരൻ നായർ നിർദ്ദേശിച്ചു. ഫണ്ട് സമാഹരണ സംരംഭത്തിന്നദ്ദേഹം പൂർണ്ണ വിജയം ആശംസിച്ചു.

തുടർന്ന് പ്രൊഫ. ജെ. പത്മകുമാരി, ജില്ലാപ്രസിഡൻറ് പ്രൊഫ. ഡി. തോമസ്, പ്രൊഫ. കെ. ലളിതാംബികാബായി, ജില്ലാ സെക്രട്ടറി. ശ്രീ. മോഹൻ കുമാർ, മേഖലാ സെക്രട്ടറി. പ്രൊഫ. ടി. എൻ. രാമൻ പിള്ള എന്നിവർ ആശംസാ പ്രസംഗങ്ങരം നടത്തി. സമ്മേളനത്തിൽ പ്രൊഫ. ആർ. രവീന്ദ്രൻ നായർ സ്വാഗതം ആശംസിച്ചു. പ്രൊഫ. എം. ദിവാകരൻ നായർ (ബ്രാഞ്ച്. സെക്രട്ടറി) കൃതജ്ഞത പറഞ്ഞു. എ.കെ.പി.സി.ടി.എ യുടെ വിവിധ ബ്രാഞ്ചുകളെ പ്രതിനിധീകരിച്ച് ഒട്ടേറെ സംഘടനാ പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

# എ. കെ. പി. സി. ടി. എ. ക്ക് വിജയം

ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളെജ് കൗൺസിലിലേക്ക് നടന്ന അദ്ധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ പതിവുപോലെ മുഴുവൻ സീററുകളും എ കെ. പി. സി. ടി. എ നേടിയെടുത്തു. പ്രൊഫ. എം. ദിവാകരൻ നായർ (ബ്രാഞ്ച് സെക്രട്ടറി) പ്രൊഫ. ടി. എൻ. രാമൻ പിള്ള, പ്രൊഫ. കെ. പി. ദിവാകരൻ നായർ, പ്രൊഫ. ആർ. രമേശൻ നായർ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# എസ്. വി. വേണുഗോപന് വീണ്ടും അവാർഡ്

പ്രമുഖ ചെറുകഥാകൃത്തും ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളെജ് അദ്ധ്യാപകനുമായ പ്രൊഫ. എസ്. വി. വേണുഗോപൻ നായരെ കേരള സാഹിത്യ അക്കാദമി പോയ വർഷത്തെ ഏററവും മികച്ച ചെറുകഥാകൃത്തായി തെരഞ്ഞെടുത്തു. 'ഭൂമിപുത്രന്റെ വഴി' എന്ന കഥാസമാഹാരമാണ് അദ്ദേഹത്തെ ഈ ബഹുമതിക്ക് അർഹനാക്കിയത്. എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനായ പ്രൊഫ. എസ്. വി. വേണു ഗോപൻ നായരെ എ. കെ. പി. സി. ടി. എ / പ്രവർത്തകസമിതി അനുമോദിച്ചു.

# പ്രൊഫ. കൊച്ചുകൃഷ്ണ കുറുപ്പ് നിര്യാതനായി

പന്തളം എൻ. എസ്. എസ്. കോളേജ് ഇക്കണോമിക്സ് പ്രൊഫസർ കൊച്ചുകൃഷ്ണ കുറുപ്പ് (51) ഹൃദയസ്തംഭനം മൂലം നിര്യാതനായി. അദ്ദേഹത്തിന്റെ ഭാര്യ പ്രൊഫ. ഇന്ദിര പന്തളം കോളേജിലെ അധ്യാപികയാണ്.

എ.കെ.പി.സി.ടി.എ. പ്രവർത്തകർ പ്രൊഫ കൊച്ചുകൃഷ്ണ കുറുപ്പിന്റെ വസതിയിലെത്തി ആദരാഞ്ജലി അർപ്പിച്ചു.

കേരളാ യൂണിവേഴ്സിററി
പാർട്ട് ടൈം എം. ഫിൽ.
സെനററ് അംഗീകരിച്ചു.

The Academic Council at its meeting held on 10.12.1990 has prescribed the following Regulations relating to the Degree of Master of Philosophy (M.Phil) Course for Techers.

# Regulations Relating To The Degree Of Master Of Philosophy (M.Phil.) Course For Teachers.

**REGULATIONS:**

1. Teacher candidates working in affiliated colleges or in Departments of the University who posses the qualifications prescribed below shall be eligible to register for the Degree of Master of Philosophy and undergo the prescribed course of study in any of the centres chosen by the Universiiy or in any of the Departments of the University.

2. **Qualifications**. A teacher candidate who has qualified for a Master's degree in Arts / Science / Social Science/Education/Oriental Languages / Commerce of this University or any other University recognised as equivalent there to shall be eligible for admission

3. **Duration:** The Course of study shall extend over a period of on year commencing from 15th November of evefy year.

4. The Regulations governing the full-time M. Phil. Course with regard to course of study, scheme of examination, pass minimum etc. and qualifications of guide conducting the M. Phil. Course shall apply to part-time cadidates also.

5. No candidate shall be permitted to re-appear for the written examination in any paper for more than two occasions or to re-submit a Dissertation or to reappear of viva-voce more than once. Candidates shall have to qualify for the Degree passing all the written papers, dissertations and viva-voce within a period of 3 years from the date of commencement of the course.

**Scheme of Examination-Part I:** The examination for paper I and paper II shall be held at the end of April on completion of 40 working days, of 4 hours duration. These 40 days are to be on all saturdays and intervening holidays including vacation. The duration of Examination shall be 3 hours carrying 100 marks each.

The examination for paper III shall be held at the end of June on completion of 20 working days of 4 hours duration. These days shall be in the months of may and June.

**Part II - Dissertation and Viva-Voce:**

The exact title of the Dissertation shall be intimated within one month after the completion of the written examination on the first two papers. candidates shall submit the dissertation for valuation through the supervising teacher at the end of oneyear from the commencement of the course. The Dissertation shall be valued by an internal and External examiner appointed by the University from a panel forwarded by the supervising Teacher.

If one examiner awards pass marks and the other does not on the valuation of the Dissertation, the Dissertation shall be sent to a third examiner and

the result of the third valuation shall be final.

Submission or re-submission shall be twice in a year ie. before the 10th of April.

A candidate whose Dissertation is adjudged by both the examiners as having obtained the pass minimum shall submit himself to a viva-voce examination.

**Pass-Minimum:** A candidate shall be declared to have passed Part I of the examination if he secured not less than 50% marks in aggregate, provided that the candidate shall obtain a separate minimum of 45% in each paper.

A candidate shall be declared to have passed the examination in Part II if he obtains the pass-minimum of 50% for the Dissertation and Viva-voce examination.

**Qualifications of Teachers for teaching in M. Phil. Courses:** M. Phil. degree courses shall be taught only by those who are approved Research Guides of the University or those who possess a Ph.D degree and at least 2 years of teaching experience.

For Science Subjects if the Department of the College affiliated to the University is not recognised for Reserach of Post-graduate studies the concerned supervising teacher may be given an option to have a co-guide from the University Department or any recognised Research Centres.

**Conferment of Degree:** 1. No candidate shall be eligible for conferment of the M. Phil. degree unless he is declared to have passed both the parts of the examination as per the Regulations above.

**Subject for which part time coureses are suggested**

**I. Languages**

English: Malayalam: Hindi: Sanskrit (Only in University Department)

**II. Social Sciences**

History: Economics: Politics: Sociology: Psychology: Islamic History (Only at University Department)

**III Arts**

Philosophy (Only at University Department): Music.

**IV Science**

Mathematics: Physics: Chemistry: Botany: Zoology: Geology (Only at University Department): Geography (Only at University Department): Home Science: Statistics (Only at University Department).

**V. Commerce**

**Course of Study**

Paper I Methods of Research and initiation of project for dissertation.

Paper II Modern trends in the Subject.

Papar III paper on Dissertation (a course pertaining to subject of the research).

Paper IV Completion of research initiated and submission of dissertation.

**IV. Education**

Education (Only at University Department)

The above regulations is placed before the Senate as required under section 39 (1) of the Kerala University Act 1974.

Sd/-
REGISTRAR.

# കേരള യൂണിവേഴ്സിററി സെനററ് യോഗം

(1990 ഡിസംബർ 18, 19)

## എ കെ പി സി ടി എ പ്രതിനിധികളുടെ ചോദ്യങ്ങളും പ്രമേയങ്ങളും

ചോദ്യം

1. By Shri S. Sivan

(a) Re-Valuation ന് തിരുവനന്തപുരം കോളേജുകളിൽ പഠിപ്പിക്കുന്നവരെമാത്രം പരിക്ഷകരാക്കുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ? (b) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു? (c) Re-Valuation ന് യോഗ്യരായ അധ്യാപകരുടെ ഒരു Panel തയ്യാറാക്കിക്കൂടേ?

ഉത്തരം

a) ഇല്ല
b) ഉദിക്കുന്നില്ല
c) യോഗ്യരായ അധ്യാപകരുടെ പാനലിൽ നിന്നാണ് പരീക്ഷകരെ നിയോഗിക്കുന്നത്.

2. By Shri A. Pratapachandran Nair

(a അധ്യാപകർക്ക് നൽകേണ്ട പരീക്ഷാ പ്രതിഫലക്കുടിശികയുടെ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

b) പ്രതിഫലക്കുടിശിക തിർക്കാൻ കേരള സർക്കാർ എത്ര തുകയാണ് വാഗ്ദാനം ചെയ്തത്? ആതിൽ എത്ര തുക നൽകിക്കഴിഞ്ഞു? ഈ വകയിൽ കിട്ടിയതിൽ നിന്നും എത്ര മാത്രം അധ്യാപകർക്കു നൽകി?

c) പരീക്ഷാ പ്രതിഫലത്തുക കുടിശിക ആകാതിരിക്കാൻ എന്തെങ്കിലും നടപടികൾ എടുക്കുന്നുണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

a) മേശപ്പുറത്തു വച്ചിട്ടുണ്ട്
b) 77 ലക്ഷം രൂപ. ഇതു വരെ ലഭിച്ചിട്ടില്ല.
c) സർക്കാർ വാഗ്ദാനം ചെയ്ത തുക വാങ്ങി കുടിശ്ശിക തീർത്തിട്ട് അതിനുശേഷം കുടിശ്ശികവരാതെ അതാതു വർഷം പേമെൻറ് നടത്താനുള്ള സംവിധാനം പരിഗണിച്ചുവരുന്നു.

3. By Shri R. Ravindran Nair

യു. ജി. സി. സ്കീം കേരളത്തിൽ നടപ്പിലാക്കിയ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മേന്മ ഉറപ്പു വരുത്തുന്നതിന് വേണ്ടി അദ്ധ്യാപകർക്ക് വേണ്ട റിഫ്രഷർ കോഴ്സ് നടത്തുന്നതിന് സർവ്വകലാശാല എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

യു.ജി.സി.സ്കീം നടപ്പിലാക്കുന്നതിനുമുമ്പുതന്നെ യു.ജി.സി.യുടെ സഹായത്തോടെ അക്കാഡമിക്സ്റ്റാഫ് കോളേജിൽ കോളേജ്/സർവ്വകലാശാലാ അദ്ധ്യാപകർക്കുവേണ്ടി ഓറിയൻേറഷൻ കോഴ്സും റിഫ്രഷർ കോഴ്സും നടത്തിവരുന്നു. ഇതുവരെ 27 കോഴ്സുകൾ നടത്തിയിട്ടുണ്ട്. 8 ഓറിയൻേറഷൻ കോഴ്സുകൾ 7 മലയാളം റിഫ്രഷൻ കോഴ്സുകൾ,2 എഡ്യൂക്കേഷൻ കോഴ്സുകൾ.

4. By Shri S. Sivan

M. Phil ന് part time course 1990 Novemberമുതൽ തുടങ്ങാൻ പരിപാടിയുണ്ടോ? Commerce വിഷയങ്ങൾക്ക് M. Phil (part time) തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്താണു തടസ്സം? part time M. Phil course നു നിശ്ചയിച്ചിരിക്കുന്ന ഫീസ് No Profit, No loss അടിസ്ഥാനത്തിലാക്കിക്കൂടെ?

ഉത്തരം

M. Phil പാർട്ട്ടൈം കോഴ്സ് ആരംഭിക്കുന്ന കാര്യം സിൻഡിക്കേററിന്റെ സമിതി പരിശോധിച്ചുവരികയാണ്.

5. By Shri R. Raveendran Nair

a) അദ്ധ്യയനവർഷം തുടങ്ങി ആറുമാസം കഴിഞ്ഞിട്ടും വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇതുവരെയും കോളേജുകളിൽ എത്തിയിട്ടില്ല എന്ന വസ്തുത സിൻഡിക്കേററിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

b) ഉണ്ടെങ്കിൽ പാഠപുസ്തകങ്ങൾ എത്തിക്കാൻ എന്തു നടപടി സ്വീകരിച്ചു? പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസമല്ലേ വ്യാജപുസ്തകം ഇറങ്ങാൻ ഇടയായത്? വ്യാജപുസ്തകത്തിന്റെ ഉറവിടം കണ്ടുപിടിച്ചുവോ? അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

a) പാഠപുസ്തകങ്ങൾ എല്ലാം കോളേജുകളിൽ വിതരണം ചെയ്യുന്നതിനായി Kerala Uty. Central Co-operative Stores നെ ഏൽപിച്ചിട്ടുണ്ട്.

b) വ്യാജമായി പുസ്തകം തയ്യാറാക്കിയതു സംബന്ധിച്ച് അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോടഭ്യർത്ഥിച്ചിട്ടുണ്ട്.

6. By Shri K. Krishna Pillai

1990 April നടന്ന B. Sc. Mathematics II Paper ന് ഏതെങ്കിലും examiner ഒരു candidate ന്റെ പേപ്പർ കിട്ടാതെ mark ഇട്ട് അയച്ചിരുന്നോ?

a) ഇതേ candidate ന്റെ പേപ്പർ കിട്ടിയ examiner-ഉം 20 മാർക്ക് ഇട്ട് അയച്ചിരുന്നോ?

b) ഇതിൽ ഏതു മാർക്കാണ് യൂണിവേഴ്സിററി അംഗീകരിച്ചത്?

c) ഇതിനെ സംബന്ധിച്ച് Chairman, Controller of examination എന്നിവർക്ക് Chief examiner പരാതി അയച്ചിരുന്നോ?

d) അതിന്റെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

a) അയച്ചിരുന്നു

b) ഉത്തരക്കടലാസ് ലഭിച്ച പരീക്ഷകൻ നല്കിയ മാർക്ക്

c) ഉണ്ട്

d) അന്വേഷണം പൂർത്തിയായിട്ടില്ല.

7 By Shri K. Mohankumar

a) ഈ അദ്ധ്യയനവർഷം വിദ്യാർത്ഥി പ്രവേശനത്തിൽ അഴിമതി നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ?

b) ഉണ്ടെങ്കിൽ ഏതൊക്കെ കോളേജുകളെ സംബന്ധിച്ച്?

c) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

d) സർവ്വകലാശാല അനുവദിച്ചതിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതായി സിൻഡിക്കേററിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

a) പരാതികൾ ലഭിച്ചിട്ടുണ്ട്.

b) കോളേജുകളുടെ ലിസ്ററ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

c) അതതു കോളേജിന്റെ പ്രിൻസിപ്പാളിന്റെ വിശദീകരണം തേടിയിരിക്കുകയാണ്.

d) ഇല്ല. ഓരോ കോളേജിലും ഓരോ കോഴ്സുകൾക്കും പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണം പ്രിൻസിപ്പൽമാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

8. By ShriA. Pratapachandran Nair

സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ വില്ക്കുന്നത് ഏതെല്ലാം ഏജൻസികളാണ്? അത്തരം ഏജൻസികൾ സർവ്വകലാശാലയുമായി ഏതെങ്കിലും കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ കരാറിലെ പ്രധാന വ്യവസ്ഥകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സർവ്വകലാശാലാ സിൻഡിക്കേററിലെ അംഗങ്ങളു കോ-ഓപ്പറേററീവ് സൊസൈററിയിലെ ഡയറക്ടർമാരുമായി 15-9-90 ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടായ കരാർ അനുസരിച്ച് കേരളാ യൂണിവേഴ്സിററി സെൻട്രൽ കോ-ഓപ്പറേററീവ് സ്റേറാഴ്സിന് യൂണിവേഴ്സിററി പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ മുഴുവൻ വില്പനയും നടത്തുവാനുള്ള കുത്തക (monopoly sale) 20-7-90 മുതൽ കൊടുത്തിട്ടുണ്ട്. മുഴുവൻ പണവും റൊക്കമായി തരണമെന്നും ഒരു മാസത്തിനകം മുഴുവൻ പാഠപുസ്തകങ്ങളും എടുത്തുകൊള്ളാമെന്നുമാണ് വ്യവസ്ഥ.

**പ്രമേയം:**

1. By Shri Maheendran V.

സിലബസ് കാലോചിതമായി പരിഷ്കരിക്കുന്നതിന് എത്രയും പെട്ടെന്ന് അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ/സംസ്ഥാനതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാൻ ഈ സെനററു യോഗം, പ്രമേയത്തിലൂടെ കേരളാ യൂണിവേഴ്സിററിയോട് ആവശ്യപ്പെടുന്നു.

2. By Shri A. Pratapachandran Nair

ഉന്നതവിദ്യാഭ്യാസരംഗത്തെ അദ്ധ്യയനനിലവാരം ഉയർത്തുന്നതിന് യു. ജി. സി വിഭാവനചെയ്തിരിക്കുന്ന Refreshser Course കൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ തന്നെ എല്ലാ കോളേജദ്ധ്യാപകർക്കും പങ്കെടുക്കാനുതകുന്ന വിധത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് ഈ യോഗം സിൻഡിക്കേററിനോട് ആവശ്യപ്പെടുന്നു.

3 By Shri K. Mohan Kumar

യു. ജി. സി. സ്കീം നടപ്പാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ അദ്ധ്യാപകർ സമ്മർ ഇൻസ്ററിട്യൂട്ട്/റിഫ്രഷർ കോഴ്സുകൾ എന്നിവയിൽ പങ്കെടുത്തിരിക്കണമെന്നത് സ്കീമിലെ ഒരു നിബന്ധന ആയിരിക്കെ കേരള സർവകലാശാലയുടെ അധീനതയിലുള്ള ആറായിരത്തോളം അദ്ധ്യാപകർക്ക് ഇതിനുവേണ്ട സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്താൻ തയ്യാറാകണമെന്ന് സെനററിന്റെ ഈ യോഗം കേരള സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

4. By Shri K. Mohan Kumar

a) സർവ്വകലാശാലയിലെ പഠന ഗവേഷണത്തെ രാജ്യത്തിന്റെ വികസനവുമായി ബന്ധപ്പെടുത്തുന്നതിന് ശാസ്ത്ര, സാങ്കേതികശാസ്ത്ര സാമൂഹ്യശാസ്ത്ര വിഷയങ്ങളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള സ്കൂളുകൾക്ക് രൂപം നൽകുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും, ആവശ്യമായ ഗൗരവപൂർണ്ണമായ ചർച്ചകൾ നടത്താൻ സെനററിന്റെ ഈ യോഗം സിൻഡിക്കേററിനോട് ശുപാർശ ചെയ്യുന്നു.

5. By Shri R. Raveendran Nair

b) ശാസ്ത്ര-സങ്കേതിക-സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ ബിരുദ-ബിരുദാനന്തര പഠനങ്ങൾക്കുള്ള സിലബസ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സിൻഡിക്കേററിനോട് അഭ്യർത്ഥിക്കുന്നു.

കെ. എൻ. ഗണേശ്

# ഇന്ത്യൻ വിദ്യാഭ്യാസവും രാമമൂർത്തികമ്മിററിശുപാർശകളും

ഇന്ത്യാ ഗവൺമെണ്ട് 1986 ൽ അംഗീകരിച്ച വിദ്യാഭ്യാസ നയം വ്യാപകമായ വിവാദങ്ങളുയർത്തിയിരുന്നു. സാക്ഷരത, അനൗപചാരിക വിദ്യാഭ്യാസം, മുതലായ മേഖലകളിൽ ഉണ്ടായ പുതിയ ചുവടുവെപ്പുകൾ പൊതുവെ അംഗീകരിക്കപ്പെട്ടുവെങ്കിലും, വിദ്യാഭ്യാസനയം പൊതുവെ വരേണ്യ വിഭാഗങ്ങളെ സഹായിക്കുന്നതാണ് എന്ന വിമർശനമുണ്ടായി. നവോദയ വിദ്യാലയങ്ങൾക്കെതിരെ ഉയർന്നു വന്ന പ്രതിഷേധം ഇതിന്റെ ഫലമായിരുന്നു.

പുതിയ വിദ്യാഭ്യാസനയമനുസരിച്ചുതന്നെ, കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നതിൽ വിഷമങ്ങൾ നേരിട്ടു. നവോദയ വിദ്യാലയങ്ങൾ പ്രതീക്ഷിച്ചത്ര വ്യാപകമായി സ്ഥാപിക്കാൻ കഴിഞ്ഞില്ല. പ്രാഥമിക വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്താൻ നീക്കിവെക്കപ്പെട്ട പണം തുച്ഛമായിരുന്നു. സാക്ഷരതയുടെ കാര്യത്തിലാണ് അൽപം മുന്നോട്ടുപോയത്. ദേശീയ സാക്ഷരതാ മിഷ്യന്റെയും പല സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങൾ സാക്ഷരതയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധമുളവാക്കാൻ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലെങ്ങും, കേരളത്തിൽ പ്രത്യേകിച്ചും വളർന്നുവന്ന സാക്ഷരതാ പ്രവർത്തനം ഇതിന് തെളിവാണ്

കോൺഗ്രസ് ഗവർമെണ്ടിന്റെ വിദ്യാഭ്യാസ നയത്തെയും വിദ്യാഭ്യാസത്തിന്റെ വരേണ്യവൽകരണത്തെയും എതിർത്തുപോന്ന വിഭാഗമാണ് 1989 അവസാനം അധികാരത്തിൽ വന്നത്. ദേശീയമുന്നണി ഗവർമെണ്ട് വന്നതിനുശേഷം ഏറെ താമസിയാതെ നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നത് നിർത്തിവെച്ചു. നവോദയ വിദ്യാലയങ്ങളുടെ പ്രവർത്തനം പുനഃപരിശോധനയ്ക്ക് വിധേയമാക്കി. പുതിയ വിദ്യാഭ്യാസനയം മുഴുവൻ പുനഃപരിശോധിക്കണമെന്ന ആവശ്യം ഉയർന്നുവന്നു അതിനായി 1990 മെയ് ഏഴാം തീയതി ഗാന്ധിയൻ വിദ്യാഭ്യാസ വിദഗ്ധനായ ആചാര്യരാമമൂർത്തിയുടെ അധ്യക്ഷതയിൽ പതിനേഴംഗ കമ്മററി രൂപീകരിക്കപ്പെട്ടു. ഇക്കഴിഞ്ഞ സപ്തംബറിൽ അവരുടെ പ്രധാന ശുപാർശകൾ ഒരു ചർച്ചാ പ്രബന്ധ രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

## പുനഃപരിശോധന എന്തിന്?

പ്രബന്ധത്തിനു ആമുഖമായി ആചാര്യരാമമൂർത്തി നടത്തുന്ന പ്രസ്താവനയിൽ ഇത്തരമൊരു പുനഃപരിശോധനയുടെ പശ്ചാത്തലം വിവരിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച ഇന്ത്യാ ഗവൺമെണ്ടിന്റെ പ്രമേയവും പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് ഉദ്ധരിക്കുന്നുണ്ട്. അതിലെ പ്രധാനപ്പെട്ട അംശങ്ങൾ താഴെ പറയുന്നവയാണ്.

1) ഇന്ത്യയിലെ ഭൂരിഭാഗമാളുകൾക്കും ഇന്നും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. വിദ്യാഭ്യാസം ഒരു മനുഷ്യാവകാശവും മെച്ചപ്പെട്ടസമൂഹം പടുത്തുയർത്താനുള്ള ഉപാധിയുമാണ്.

2) സ്ത്രീകൾ, പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് സാമൂഹ്യ സമത്വം കൈവരിക്കാനുള്ള ഫലപ്രദമായ ഉപകരണമാണ് വിദ്യാഭ്യാസം.

3) ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ വരേണ്യ വർഗപ്രവണതകൾ ഒഴിവാക്കാനും തൊഴിൽ നേടുന്നതിന് സഹായിക്കുന്ന രീതിയിൽ മാററിയെടുക്കാനും കഴിയണം.

4) ജാതി—മത സങ്കുചിത വാദങ്ങൾക്കെതിരായി പോരാടണം.

പ്രമേയത്തിൽ സൂചിപ്പിക്കുന്ന കാര്യങ്ങളെല്ലാം കഴിഞ്ഞ നാലു ദശാബ്ദക്കാലമായി എല്ലാ വിദ്യാഭ്യാസ കമ്മററി റിപ്പോർട്ടുകളുടെയുംമുഖവുരയിൽ പറയുന്നതുതന്നെയാണ്. രാമമൂർത്തി തന്റെ പ്രസ്താവനയിൽ സൂചിപ്പിക്കുന്നതുപോലെ, എല്ലാവർകും വിദ്യാഭ്യാസമെന്ന മുദ്രാവാക്യം കോത്താരി കമീഷൻ റിപ്പോർട്ടിലും 1986 ലെ ദേശീയവിദ്യാഭ്യാസ നയത്തിലുമുണ്ടായിരുന്നു. പിന്നെ അതെന്തുകൊണ്ട് നടപ്പിലാക്ക

പ്പെട്ടില്ല എന്നതാണ് പ്രധാന ചോദ്യം. ആ ചോദ്യത്തിന് ഉത്തരം കാണണമെങ്കിൽ 1986ലെ വിദ്യാഭ്യാസനയം പുനഃപരിശോധിച്ചാൽ മാത്രം പോര, ഇതുവരെ ഇന്ത്യയിൽ രൂപംകൊണ്ടുവന്ന വിദ്യാഭ്യാസ സമ്പ്രദായം മുഴുവൻ പുനഃപരിശോധിക്കണം. 1985ലെ വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ'' എന്ന പ്രബന്ധത്തിൽ തന്നെ ഉയർത്തിയ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്നു പരിശോധിക്കണം.

അത്തരത്തിലുള്ള ധാരണകളാണോ ഇത്തരമൊരു പുനഃപരിശോധനയ്ക്ക് ഗവർമെണ്ടിനെ പ്രേരിപ്പിച്ചത് എന്ന് വ്യക്തമല്ല. പുതിയ ജനകീയ വിദ്യാഭ്യാസ പദ്ധതിയുണ്ടായിക്കാണാനുള്ള ആഗ്രഹങ്ങളുണ്ടാകാം. അവ ആഗ്രഹങ്ങളായും അമൂർത്തമായ ആശയങ്ങളായും നിലനിന്നാൽ പോര. ഇന്നത്തെ വിദ്യാഭ്യാസ പദ്ധതി പൊളിച്ചെഴുതണമെങ്കിൽ, കഴിഞ്ഞ വർഷങ്ങളിലെ വിദ്യാഭ്യാസ പദ്ധതിയുടെ പോരായ്മകളേയും പരിഹാരമാർഗങ്ങളുടെ ദൗർബല്യങ്ങളേയും കുറിച്ച് വിമർശനാത്മകമായ അവലോകനം നടത്തണം. അത്തരത്തിലുള്ള ഒരു ശ്രമം പൂർണമായ രൂപത്തിൽ ഈ പ്രബന്ധത്തിൽ കാണുകയില്ല.

എങ്കിലും, രാമമൂർത്തി തന്റെ മുഖവുരയിൽ പ്രസക്തമായ ഒരു കാര്യം പറയുന്നുണ്ട്. മെക്കോളേയുടെ പാരമ്പര്യം നാമുപേക്ഷിക്കണമെന്നും, പുതിയതൊന്നു തുടങ്ങണമെന്നും അദ്ദേഹം പറയുന്നു. അതിനുവേണ്ട ''ചില ആശയങ്ങളും ചിന്തകളു''മാണ് ഈ പ്രബന്ധത്തിൽ അവതരിപ്പിക്കുന്നതെന്നും, അദ്ദേഹം പറയുന്നു. ''ഈ ആശയങ്ങളും ചിന്തകളും'' മാത്രമാണോ നമുക്കാവശ്യം, മെക്കോളേയുടെ പാരമ്പര്യത്തിൽ നിന്ന് മോചനം നേടണമെങ്കിൽ പ്രവർത്തനക്ഷമമായ ബദൽ നിർദ്ദേശങ്ങൾ നമുക്കാവശ്യമാണ്. അവ മുന്നോട്ടുവെക്കാൻ പ്രബന്ധത്തിന് കഴിയുന്നുണ്ടോ എന്ന് പരിശോധിക്കാം.

1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് വരേണ്യ പക്ഷപാതമുണ്ടെന്ന് പ്രബന്ധത്തിന്റെ ആരംഭത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. സമത്വത്തിലും മതേതരത്വത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായമല്ല ദേശീയ വിദ്യാഭ്യാസ നയത്തിൽ ആവിഷ്കരിക്കപ്പെട്ടതെന്ന സൂചനയുമുണ്ട്. അങ്ങനെയാണെങ്കിൽ, ജനാധിപത്യപരവും സമത്വത്തിലും മതേതരത്തിലും ഊന്നുന്ന ബദൽ വിദ്യാഭ്യാസ പദ്ധതി രൂപപ്പെടുത്തുന്ന കാഴ്ചപ്പാട് വളരെ പ്രധാനമാണ്. 1986ലെ നയത്തെ നിയന്ത്രിച്ചത് വരേണ്യവർഗ കാഴ്ചപ്പാടാണെങ്കിൽ അതിനുള്ള ബദൽ കാഴ്ചപ്പാട് എന്തായിരിക്കണം?

പ്രബന്ധത്തിന്റെ മുഖവുരയിൽരാമമൂർത്തി പറയുന്നു. ''ഇത് ശാസ്ത്രത്തിന്റെയും ജനാധിപത്യത്തിന്റെയും യുഗമാണ്. മനുഷ്യനെ കേന്ദ്രീകരിച്ചുള്ള, എല്ലാവർകും ജീവിതം മുഴുവൻ ലഭിക്കുന്ന, സൃഷ്ടിപരമായ വിദ്യാഭ്യാസമില്ലാതെ ശാസ്ത്രത്തിനും ജനാധിപത്യത്തിനും നിലനിൽകാൻ കഴിയുമോ? ഇതാണ് യഥാർഥ വിദ്യാഭ്യസത്തിന്റെ അർഥമാകേണ്ടത്.

മനുഷ്യന്റെ സർവതോമുഖമായ വളർച്ചയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം എന്ന ആശയം ഇതിനുമുമ്പും ഉയർന്നു വന്നിട്ടുള്ളതാണ്. പക്ഷെ, ഇതിന്റെ അർഥമെന്താണ്? 'സർവതോമുഖമായ വളർച'യുടെ അളവുകോലുകൾ നിർണയിക്കുന്നത് സമൂഹമാണ്. സാമൂഹ്യവും സാമ്പത്തികവുമായ ഭേദങ്ങളുള്ള ഇന്ത്യയെപോലുള്ള സമൂഹങ്ങളിൽ ഓരോവിഭാഗത്തിനും ലഭിക്കുന്ന വിദ്യാഭ്യാസഅവസരങ്ങൾ തുല്യമാകില്ല. വിദ്യാഭ്യാസ അവസരങ്ങളിലും സാഹചര്യങ്ങളിലുമുള്ള അസമത്വത്തെ ഇല്ലാതാക്കുക എന്നതാണ് മനുഷ്യകേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ ഏററവും പ്രധാനപ്പെട്ട ഘടകം. അതിന് അസമത്വത്തിന്റെ സ്വഭാവത്തെയും അതുയർത്തുന്ന വെല്ലുവിളികളെയും കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം. പ്രബന്ധത്തിൽ നിന്നുയരുന്ന ധാരണ എന്താണ്?

''ഇന്ത്യൻ ജനതയിൽ വളരെപേർക് നിലനിൽപിനുള്ള സമരം വിദ്യാഭ്യാസാവശ്യങ്ങളെക്കാൾ കുടുതൽ അടിയന്തിരകാര്യമാണ്. (1.2) അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ആസൂത്രണത്തെ സാമൂഹ്യസാംസ്കാരിക സാമ്പത്തിക രാഷ്ട്രീയസാഹചര്യങ്ങളുമായിബന്ധപ്പെടുത്തണം. വിദ്യാഭ്യാസത്തെ വികസന പ്രശ്നങ്ങളുമായി ബന്ധിപ്പിക്കണമെന്ന് പ്രബന്ധം അഭിപ്രായപ്പെടുന്നു.

തുടർന്ന്, വിദ്യാഭ്യാസരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ പ്രബന്ധം സൂചിപ്പിക്കുന്നു.അവ താഴെ പറയും വിധം സംഗ്രഹിക്കാം.

1. സാമ്പത്തികവും കുടുംബപരവുമായ പ്രശ്നങ്ങൾ മൂലം വലിയ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കൂളിൽ നിന്ന് മാറിനിൽക്കേണ്ടിവരുന്നു. വളരെച്ചുരുക്കം പേരേ ഉന്നത വിദ്യാഭ്യാസത്തിലെത്തുന്നുള്ളൂ. പാവപ്പെട്ടവരുടെ കുടുംബങ്ങളിൽനിന്ന് അപൂർവം പേർ മാത്രമേ ഉപരിപഠനത്തിന് പോകുന്നുള്ളൂ.

2. സ്കൂൾ കരിക്കുലത്തിൽ പുതിയ ബോധന രീതികളും കണ്ടുപിടിത്തങ്ങളും ഉൾക്കൊള്ളിക്കുന്നില്ല.

3. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പരമ്പരാഗത വിജ്ഞാനത്തെ അവഗണിക്കുന്നു.

4. 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം നടപ്പിലാക്കിയില്ല. പ്രാഥമിക വിദ്യാസത്തിന് പണം ചെലവാക്കുന്നില്ല.

5. പൊതുവിദ്യാഭ്യാസ സമ്പ്രദായം വളർന്നുവന്നിട്ടില്ല.

6. ഉന്നത വിദ്യാഭ്യാസരംഗം പ്രതീക്ഷകൾ കൊത്തുയർന്നിട്ടില്ല. അക്കാദമിക് നിലവാരവും സാമൂഹ്യസാമ്പത്തിക മൂല്യവുമില്ലാത്ത നിരവധികോളേജുകൾ പൊട്ടിമുളയ്ക്കുന്നു.

7. ഗ്രാമപ്രദേശങ്ങൾ അവഗണിക്കപ്പെടുന്ന പ്രാദേശികാന്തരങ്ങൾ വളരെ പ്രകടമാണ്.

8. വിദ്യാഭ്യാസത്തിന്റെ നിയന്ത്രണം കേന്ദ്രീകൃതവും ബ്യൂറോക്രാററിക്കുമാണ്.

9. ഏഴാം പദ്ധതിയിൽ വിദ്യാഭ്യാസത്തിനു നീക്കിവെച്ച തുക വളരെ കുറവാണ്. വിദ്യാഭ്യാസത്തിനുള്ള മുതൽമുടക്കിൽ ലോകരാഷ്ട്രങ്ങളിൽ 115-ാം സ്ഥാനമേ ഇന്ത്യക്കുള്ളൂ.

മുൻകാണിച്ച പ്രസ്താവനകളോട് ആർക്കും എതിർപ്പുണ്ടാകേണ്ടതില്ല. വിദ്യാഭ്യാസ വിദഗ്ധരും വിവിധ സംഘടനകളും പലപ്പോഴായി പറഞ്ഞുപോന്ന കാര്യങ്ങളാണ് ഇവിടെയും പറയുന്നത്. ഇവിടെ ഉന്നയിക്കേണ്ട പ്രശ്നം എല്ലാ വിദ്യാഭ്യാസ വിദഗ്ധരും അഭിപ്രായപ്പെടുകയും വിവിധ ഗവർമെണ്ട് രേഖകളിൽ എഴുതിവെയ്ക്കുകയും ചെയ്ത കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ മുൻ ഗവർമെണ്ടുകൾ എന്തുകൊണ്ട് പരാജയപ്പെട്ടു? വിവരങ്ങളുടെ അഭാവവും ഇച്ഛാശക്തിയില്ലായ്മയും മാത്രമല്ല ഇവിടെ പ്രശ്നം. വിദ്യാഭ്യാസത്തിനുമാത്രമല്ല, സാമൂഹ്യമാററത്തെ സംബന്ധിച്ചുള്ള ഭരണാധികാരികളുടെ കാഴ്ചപ്പാടാണ് ഇവിടെ പ്രധാനം.

ജനങ്ങളുടെ അടിസ്ഥാന പ്രശ്നം നിലനിൽപാണ് വിദ്യാഭ്യാസമല്ല എന്ന പ്രസ്താവനതന്നെയെടുക്കുക. ആധുനിക സമൂഹങ്ങളിലെല്ലാം വിദ്യാഭ്യാസം നിലനിൽപിന്റെ ഘടകങ്ങളിലൊന്നാണ്. ആധുനിക യുഗത്തിന്റെ വളർച്ചയുടെ ഭാഗമായാണ് വിദ്യാഭ്യാസം വളർന്നുവന്നിട്ടുള്ളതും. എന്തുകൊണ്ട് ഇന്ത്യയിൽ അരനൂററാണ്ടുകാലത്തെ വികസനത്തിനുശേഷവും വിദ്യാഭ്യാസം നിലനിൽപിന്റെ അവശ്യഘടകമായി മാറിയില്ല? പ്രബന്ധത്തിൽ സൂചിപ്പിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം മാത്രമല്ല ഇതിനു കാരണം, ഈ അസമത്വത്തിന്റെ മൂലകാരണമായ സമൂഹവ്യവസ്ഥയിൽ മാററം വരുത്താൻ ശ്രമിക്കാത്തതുകൂടിയാണ്. സമൂഹത്തിന്റെ മേൽത്തട്ടിലുള്ളവരെകൂടുതൽ വളർത്തുകയും ഭൂരിപക്ഷത്തെ ദാരിദ്ര്യത്തിലെക്കും പട്ടിണിയിലേക്കും തള്ളിയിടുകയും ചെയ്യുന്ന ഭരണവർഗനയങ്ങൾ പ്രധാനമാണ്. വികസിത രാഷ്ട്രങ്ങളിൽ കഴിഞ്ഞ നൂററാണ്ടിലുണ്ടായ ആധുനികവൽകരണം പോലും സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിൽ നടന്നിട്ടില്ല എന്നല്ലേ നിലനിൽപിന്റെ ആവശ്യവും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് സൂചിപ്പിക്കുന്നത്?

വിദ്യാഭ്യാസത്തെ വികസനപ്രശ്നങ്ങളുമായി ബന്ധിപ്പിക്കണമെന്നു വാദിക്കുമ്പോൾ, എന്തു വികസനമെന്ന ചോദ്യം സ്വാഭാവികമായുയരുന്നു. 1986ലെ വിദ്യാഭ്യാസനയത്തിന് പിന്നിൽ വ്യക്തമായവികസനമുണ്ടായിരുന്നു.

അത്യാധുനികസാങ്കേതിക വിദ്യകളുപയോഗിക്കുന്ന വൻകിടവ്യവസായകുത്തകകളുടെ വളർച്ചയും അതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യത്തിന്റെയും തൊഴിൽശക്തിയുടെയും സൃഷ്ടിയുമായിരുന്നു പ്രധാനലക്ഷ്യം. "ഇരുപത്തൊന്നാം നൂററാണ്ടിലെ സമൂഹത്തെ കുറിച്ചുള്ള സങ്കൽപം ഒരു സൂത്രവാക്യത്തെപ്പോലെ എല്ലാ നയങ്ങളിലും പ്രത്യക്ഷപ്പെട്ടിരുന്നു. 1986 ലെനയത്തിന് ബദൽ നിർദേശങ്ങൾ വെക്കുമ്പോൾ, ഇതുവരെ പിന്തുടർന്നുപോന്ന വികസനത്തിന്റെ ബദൽ രൂപമെന്തെന്ന് സൂചിപ്പിക്കേണ്ടതാവശ്യമാണ്.

വികസന നയത്തെക്കുറിച്ചുള്ള ചില ധാരണകൾ പ്രബന്ധത്തിൽ അവിടവിടെ തെളിഞ്ഞുകാണാം. ദുർബല വിഭാഗങ്ങളുടെയും പീഡിതവിഭാഗങ്ങളുടെയും ഉന്നമനം ഗ്രാമവികസ

നം, തൊഴിൽ സാധ്യതകളുടെ വളർച്ച, വികേന്ദ്രീകരണം മുതലായവയെക്കുറിച്ചുള്ള പരാമർശങ്ങൾ ഉദാഹരണമാണ്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിശദീകരണങ്ങളാവശ്യമല്ല. എന്നാൽ, വികസനവുമായി വിദ്യാഭ്യാസത്തെ ബന്ധിപ്പിക്കണമെന്ന് പറയുമ്പോൾ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കേണ്ടതുണ്ട്. ന്യൂനപക്ഷങ്ങളുടെയും സ്ത്രീകളുടെയും ദുർബലവിഭാഗങ്ങളുടെയും ഉന്നമനമാണോ വികസനം? അതാണെങ്കിൽ ഇതുവരെയുള്ള ഗവൺമെണ്ടുകൾ പറഞ്ഞുവന്ന നയവുമായി അതിന് വ്യത്യാസമില്ല.

വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഒരു പുതിയ വിദ്യാസ നയം രൂപീകരിക്കുന്നതിനാവശ്യമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നത് ഈസ്ററിന്ത്യാ കമ്പനിയുടെ വാണിജ്യത്തിനു നല്ലതാണെന്ന് ചാൾസ് ഗ്രാൻറിൻെറ അഭിപ്രായം ബ്രിട്ടീഷ് കോളനിവാഴ്ചയുടെ ആദ്യഘട്ടത്തിലെ നയപ്രഖ്യാപനമായിരുന്നു. ഇന്നത്തെ നയപ്രഖ്യാപനം എന്തായിരിക്കണം? ഇന്ത്യയുടെ ഭാവിയിലെ സാമ്പത്തിക വ്യവസ്ഥ എന്തായിരിക്കണം? സാംസ്കാരിക രൂപങ്ങളും രാഷ്ട്രീയ സംവിധാനവും എന്തായിരിക്കണം? ഇവയെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ വ്യക്തത ഉണ്ടെങ്കിലേ വിദ്യാഭ്യാസനയത്തിലും വ്യക്തതയുണ്ടാകൂ. അത്തരത്തിലുള്ള കാഴ്ചപ്പാട് ഈ പ്രബന്ധത്തിൽ ഉയർത്തിയിട്ടില്ല.

## സാക്ഷരതയുടെ പ്രശ്നം

കാഴ്ചപ്പാടിൻെറ പ്രസക്തി ഏററവുമധികം പ്രകടമാകുന്ന ഭാഗം ഈ പ്രബന്ധത്തിലെ സാക്ഷരതയെക്കുറിച്ചുള്ള പരാമർശങ്ങളിലാണ്. നിരക്ഷരനായ വ്യക്തി വിദ്യാഭ്യാസമില്ലാത്തവനായിക്കൊള്ളണമെന്നില്ലെന്ന് പ്രബന്ധം ചൂണ്ടിക്കാട്ടുന്നു. സ്വന്തം ജീവിതത്തിനാവശ്യമായ വൈദഗ്ധ്യവും പ്രായോഗിക ജ്ഞാനവും അയാൾക്കുണ്ട്. അതുകൊണ്ട്, ഇന്നുനടക്കുന്നതുപോലെ സാക്ഷരതയ്ക്ക് കാൽപനിക സ്വഭാവം കൽപിച്ച് അവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതില്ല. ജനങ്ങളെ ജീവിക്കാൻ പഠിപ്പിക്കുക, അവർക്ക് വികസനത്തെയും സാമൂഹനീതിയെയും കുറിച്ചുള്ള ധാരണയുണ്ടാക്കുക, ജനാധിപത്യം, പഞ്ചായത്ത് രാജ് എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുക, ജാതീയത, വർഗീയത, ലിംഗവിവേചനം മുതലായവയ്ക്കെതിരെ പോരാടാൻ പഠിപ്പിക്കുക എന്നിവയാണ് പ്രധാനം. സാക്ഷരത ഈ പ്രക്രിയയുടെ ഭാഗമായി വന്നുകൊള്ളും. ഇപ്പോൾ സ്വന്തം കുട്ടികളെ സ്കൂളിലയക്കാൻ പ്രേരിപ്പിക്കയാണ് വേണ്ടത്.

കേരളത്തിൽ സമ്പൂർണസാക്ഷരതായജ്ഞം നടക്കുന്നതിൻെറ പശ്ചാത്തലത്തിൽ ഈ വാദത്തെ ഗൗരവപൂർവം വിലയിരുത്തേണ്ടതുണ്ട്. കേരളത്തിലെ ഉയർന്ന സാക്ഷരത ഒരു യജ്ഞത്തിലൂടെ മാത്രം നേടിയെടുത്തതല്ലെന്നത് വാസ്തവമാണ്. പക്ഷെ, സാമൂഹ്യപരിവർത്തനത്തിൻെറ പ്രധാനപ്പെട്ട നാഴികക്കല്ലായി സാക്ഷരതയെയും വിദ്യാഭ്യാസത്തെയും കാണുകയും അതനുസരിച്ച് ഇവ രണ്ടിനും സമൂഹജീവിതത്തിൽ പ്രധാനപ്പെട്ടസ്ഥാനം നൽകുകയും ചെയ്ത നാടാണ് നമ്മുടേത്. നിലനിൽപ് ഒരു പ്രശ്നമായി മാറിയ നിരവധി കുടുംബങ്ങൾ തങ്ങളുടെ കുട്ടികളെ സ്കൂളുകളിലേയക്കയക്കുന്നുണ്ട്. ഇപ്പോൾ നടക്കുന്ന സാക്ഷരതായജ്ഞത്തിൽ തന്നെയുള്ള നിരക്ഷരരുടെ വർധിച്ച പങ്കാളിത്തവും എഴുതുവാനും വായിക്കാനുമുള്ള ആവേശവും നിലനിൽപിനുള്ള ശ്രമം കൊണ്ടുമാത്രം ഉണ്ടായതല്ല. ആധുനിക സമൂഹത്തിൽ വ്യക്തിപരവും സാമൂഹ്യവുമായ വളർച്ചയുടെ ഘടകമായി എഴുത്തിനെയും വായനയെയും അവർ കരുതുന്നുവെന്നതാണ് ഈ ആവേശത്തിന് കാരണം.

മുതിർന്നവർക്ക് അക്ഷരം പഠിക്കേണ്ടത് അത്യാവശ്യമല്ല, അവരുടെ കുട്ടികൾ സ്കൂളിൽ ചേർന്നു പഠിക്കുകയാണ് ആവശ്യം എന്നാണ് പ്രബന്ധം വാദിക്കുന്നത്. ഇത് തികച്ചും അർഥശൂന്യമായ വാദമാണ്. മുതിർന്നവർക്ക് അക്ഷരം പഠിക്കേണ്ടെങ്കിൽ അവർ എന്തിന് കുട്ടികളെ സ്കൂളിലയച്ചു പഠിപ്പിക്കണം? ഇന്ന് സ്കൂളിൽ അക്ഷരമുറയ്ക്കാത്തവരും കൊഴിഞ്ഞുപോകുന്നവരും പ്രധാനമായി നിരക്ഷരരുടെ മക്കളാണ്. അക്ഷരത്തിൻെറ പ്രാധാന്യം മുതിർന്നവരും അവരുടെ മക്കളും മനസിലാക്കുന്നില്ല. അവർ എന്തുകൊണ്ട് മനസിലാക്കുന്നില്ല? നിലനിൽപിനുള്ള സമരമാണ് കാരണം എന്നതല്ല അതിൻെറ ഉത്തരം. ഇരുപതാം നൂററാണ്ടിൻെറ ആദിമദശകങ്ങളിൽ കേരളത്തിലുണ്ടായതുപോലുള്ള സാമൂഹ്യമുന്നേററം മററുഭാഗങ്ങളിൽ കാണുന്നില്ല എന്നതാണ് കാര

ണം ഈ മാററമില്ലായ്മ അവരുടെ സാമൂഹ്യ ബോധവുമായി, പ്രപഞ്ച ബോധവുമായി ബന്ധപ്പെട്ട കാര്യവുമാണ്. സാക്ഷരത ഇവരുടെ ബോധമണ്ഡലത്തെ വളർത്താനും വികസിപ്പിക്കാനുമുള്ള പ്രധാന പ്രവർത്തനമാണ്. ഈ വസ്തുതയെ അവഗണിക്കുന്നത് ബുദ്ധിശൂന്യമായിരിക്കും.

സാക്ഷരതയും ജീവിതവൃത്തിയുടെ പ്രശ്നങ്ങളും തമ്മിൽ ബന്ധപ്പെട്ടതാണെന്ന വസ്തുത ഇവിടെ മറക്കുന്നില്ല. തീർച്ചയായും ഇന്ത്യൻ ജനതയുടെ ജീവിതവൃത്തിയിൽ മാററം വരുത്തേണ്ടതാവശ്യമാണ്. അവരെ പട്ടിണിയിൽ നിന്ന് കരകേററുവാനും ജാതീയതയുടെയും വർഗീയതയുടെയും അന്ധവിശ്വാസങ്ങളുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിപ്പിക്കുവാനും ശ്രമിക്കേണ്ടതാവശ്യമാണ്. പക്ഷെ, അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം അവരെ അക്ഷരം പഠിപ്പിക്കുകയും വേണം. സാക്ഷരതാ പ്രവർത്തനം യാന്ത്രികമായി ചെയ്യേണ്ടതല്ല. പ്രവർത്തനം നടക്കുന്ന പ്രദേശത്തിൻെറയും അവിടത്തെ ജനങ്ങളുടെയും സമഗ്രവികസനത്തിൻെറ കാഴ്ചപ്പാടിൽ നിന്ന്തന്നെ വേണം അതുനടപ്പിലാക്കാൻ. പക്ഷെ, സാക്ഷരതാ പ്രവർത്തനത്തിൽ ഊന്നിക്കൊണ്ടുള്ള പ്രതേകപരിപാടികൾ വേണ്ടെന്നു പറയുന്നത് വിഡ്ഡിത്തമാണ്. പ്രബന്ധത്തിൻെറ ആരംഭത്തിൽ പറഞ്ഞ വികസന പരിപ്രേഷ്യത്തിന് വിരുദ്ധവുമാണത്.

## വിദ്യാഭ്യാസത്തിലെ ''തുറന്നവാതിൽ നയം''

1986ലെ വിദ്യാഭ്യാസനയത്തിൽ നിന്ന് രാമമൂർത്തി കമ്മററി നിർദ്ദേശിക്കുന്ന പ്രധാന വ്യതിയാനങ്ങൾ താഴെ പറയുന്നവയാണ്.

1. ഔപചാരികം—അനൗപചാരികം അക്കാദമികം—തൊഴിലധിഷ്ഠിതം. സാങ്കേതികേതരം മുതലായ തരംതിരിവുകൾ ഒഴിവാക്കി സമഗ്രമായ വിദ്യാഭ്യാസ കാഴ്ചപ്പാട് രൂപീകരിക്കണം.

2. മനുഷ്യനെ ''ദേശീയവിഭവ''മായി കാണുന്ന പ്രയോജനവാദപരമായ സങ്കൽപം എടുത്തുകളയണം.

3. സ്കൂളുകൾ ''തുറന്നവാതിൽ'' നയം സ്വീകരിക്കുകയും സൃഷ്ടിപരമായ, അനൗപചാരികമായ രീതികൾ അവലംബിക്കുകയും വേണം. പാവപ്പെട്ട കുട്ടികൾക്ക് സമാന്തര അനൗപചാരിക വിദ്യാഭ്യാസം നൽകാനുള്ള നീക്കം ഒഴിവാക്കണം.

4. ശൈശവദശയിലെ സംരക്ഷണവും വിദ്യാഭ്യാസവും പ്രാഥമിക വിദ്യാഭ്യാസസൂത്രണത്തിൻെറ ഭാഗമാക്കണം.

5. എല്ലാ വിദ്യാർത്ഥികൾക്കും തുല്യ അവകാശം നൽകുകയും ചിലയാളുകൾക്ക് പ്രതിഭകളെന്ന നിലയിൽ പ്രത്യേകം ശിക്ഷണം നൽകുന്ന രീതി ഒഴിവാക്കുകയും വേണം. നവോദയ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കരുത്.

6. അയൽപക്കസ്കൂൾ സമ്പ്രദായത്തിൻെറ അടിസ്ഥാനത്തിൽ കോമൺ സ്കൂളുകൾ വളർത്തിക്കൊണ്ടുവരുക.

7. ശിശുസംരക്ഷണത്തെയും ശിശുവിദ്യാഭ്യാസത്തെയും പ്രൈമറി വിദ്യാഭ്യാസത്തിൻെറ കൂടെ ചേർക്കുക. സ്കൂൾ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം വർധിപ്പിക്കുന്ന വിധത്തിൽ സമൂഹസാഹചര്യങ്ങളൊരുക്കുക. വിദ്യാഭ്യാസഘടനയിൽ നിന്ന് ലിംഗവിവേചനപരമായ വശങ്ങൾ എടുത്തുകളയുക.

8. പിന്നോക്കസമുദായങ്ങൾക്ക് വിദ്യാഭ്യാസത്തിൽ മുൻതൂക്കം നൽകുക.

9. പ്രാഥമികതലത്തിലെങ്കിലും മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകുമെന്നുറപ്പുവരുത്തുക. പ്രാദേശിക ഭാഷകൾ തമ്മിലുള്ള സമ്പർക്കവും ആശയവിനിമയവും വളർത്തുക.

10. ജനങ്ങൾക്ക് തൊഴിലിനാവശ്യമായ ശക്തി നൽകുന്ന രീതിയിൽ തൊഴിൽ വിദ്യാഭ്യാസത്തെപരിഷ്കരിക്കക.വിദ്യാഭ്യാസത്തെ ജീവിതബദ്ധമാക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ 9—12 ക്ളാസുകളിലെ കരിക്കുലത്തിൻെറ ഭാഗമാക്കുക, സ്കൂളുകളും തൊഴിൽശാലയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക.

11. സമഗ്രവും അനുസ്യൂതവുമായ ആന്തരിക മൂല്യനിർണയം നടപ്പിലാക്കുക.ഓരോ വർഷ
വുമുള്ള പബ്ളിക്പരീക്ഷകൾ ഒഴിവാക്കുക.
ഉപരിപഠനത്തിനുള്ള പ്രവേശനം പ്രത്യേക പ്ര
വേശനപരീക്ഷകൾ വഴിയാക്കുക.

12 ജോലിയും ബിരുദവും തമ്മിൽ വേർതി
രിക്കുക. തൊഴിലുടമകൾ അവരുടെ സ്വന്തം പ
രീക്ഷണസമ്പ്രദായങ്ങൾ ആവിഷ്കരിക്കണം.

13. സർവകലാശാല—കോളേജ് വിദ്യാഭ്യാസത്തിൻെറ കരിക്കുലത്തെയും പഠനരീതിയെയും

പ്രാദേശിക വികസനവുമായി ബന്ധിപ്പിക്കുക. അത്തരത്തിൽ ഉപരിപഠനത്തെ മുഴുവനും പുനരാവിഷ്കരിക്കുക.

14. സാമൂഹ്യശാസ്ത്ര ഗവേഷണത്തിന്റെ പ്രാധാന്യം പുനഃസ്ഥാപിക്കുക.

15. മൂല്യവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

16. വിദ്യാഭ്യാസത്തിന്റെ വികേന്ദ്രീകൃതാസൂത്രണം പ്രാദേശിക(പഞ്ചായത്ത്)തലത്തിൽ വിദ്യാഭ്യാസ കോംപ്ലാക്സുകളുടെ വികസനം.

17. അധ്യാപകരുടെ പദവി, നിയമനം, സേവനവ്യവസ്ഥകൾ മുതലായവയുടെ പുനഃപരിശോധന.

18. ഉന്നത വിദ്യാഭ്യാസരംഗത്തിലെ ക്രമസമാധാനപരിപാലനവും വിദ്യാഭ്യാസ ട്രിബ്യൂണലുകളുടെ നിയമനവും.

19. കേന്ദ്ര സംസ്ഥാന ബജററുകളിൽ കൂടുതൽ സംഖ്യ നീക്കിവെക്കണം. പുതിയ വിഭവസമാഹരണമാർഗങ്ങൾ കണ്ടുപിടിക്കണം. വിദ്യാഭ്യാസരംഗത്തെ കേന്ദ്ര സ്കീമുകൾ സംസ്ഥാനങ്ങൾക്ക് കൈമാറണം.

20. വിദ്യാഭ്യാസരംഗത്ത് സന്നദ്ധസംഘടനകളുടെ സഹായം തേടണം. വിദ്യാഭ്യാസത്തെ ജനകീയ പ്രസ്ഥാനമാക്കി മാററണം. ''വിദ്യാഭ്യാസത്തിനുള്ള അവകാശം'' മൗലികാവകാശമാക്കണം.

മുൻകാണിച്ച കാര്യങ്ങളിൽ നിന്ന് ഒന്ന് വ്യക്തമാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനകാഴ്ചപ്പാടിൽ അവ്യക്തത നിലനിൽക്കുന്നുവെങ്കിലും പല പുതിയ നിർദേശങ്ങളും മുന്നോട്ടുവെയ്ക്കാൻ പ്രബന്ധത്തിൽ ശ്രമിക്കുന്നുണ്ട്. അക്കാദമിക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും അക്കാദമിക്—പ്രൊഫഷണൽ വിദ്യാഭ്യാസം തമ്മിലുള്ള വേർതിരിവും കൊളോണിയൽ വിദ്യാഭ്യാസ പദ്ധതിയുടെയും കൊളോണിയൽ മാതൃകയിൽ സ്വതന്ത്ര്യ ഇന്ത്യയിൽ രൂപംകൊണ്ട വിദ്യാഭ്യാസ പദ്ധതികളുടെയും സൃഷ്ടിയാണ്. കോത്താരി കമീഷൻ റിപ്പോർട്ടിലും പിന്നീട് വന്ന വിദ്യാഭ്യാസ രേഖകളിലു അക്കാദമിക് ധാരയും വൊക്കേഷണൽ ധാരയും വ്യത്യസ്തമാക്കപ്പെട്ടു. എന്നാൽ, ഇവ തമ്മിൽ അന്തരമില്ലാത്ത പാശ്ചാത്യരാജ്യങ്ങളിലെ കോംപ്രിഹൻസീവ് സ്കൂളുകളുടെ മാതൃക പിന്തുടരാൻ ആരും തയ്യാറായില്ല. മഹാത്മാ ഗാന്ധിയുടെ വാർധാവിദ്യാഭ്യാസ പദ്ധതി ഏതാനും ഗ്രാമീണ ഇൻസ്ററിററ്യൂട്ടുകൾ സ്ഥാപിക്കുന്നതിൽ ഒതുങ്ങി. ഈ പശ്ചാത്തലത്തിൽ അക്കാദമിക്—വൊക്കേഷണൽ അന്തരം ഒഴിവാക്കണമെന്ന നിർദേശം ശ്രദ്ധേയമാണ്, സൃഷ്ടിപരമായി ചർച്ചചെയ്യേണ്ടതാണ്.

അതുപോലെ പ്രധാനമാണ് സ്കൂളുകളെ അനൗപചാരികവൽകരിക്കന്നതിനുള്ളനിർദേശം 86ലെ വിദ്യാഭ്യാസനയം കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനുള്ള മാർഗമായി കണ്ടത് ഔപചാരിക അനൗപചാരിക വിദ്യാഭ്യാസങ്ങളെ തുല്യമായി കണ്ടുകൊണ്ടായിരുന്നു. അതായത് ഈ രണ്ട് മേഖലകളിലൂടെയും കടന്നുവരുന്നവർക്ക് തുല്യ അവസരങ്ങളുണ്ടാകും. സ്കൂളുകളെ വരേണ്യ വൽകരണത്തിന്റെസാഹചര്യത്തിൽ ധനികരുടെയും ദരിദ്രരുടെയും വിദ്യാഭ്യാസ അവസരങ്ങൾ തമ്മിലുള്ള അന്തരം വർധിപ്പിക്കാൻ മാത്രമാണ് ഇതു സഹായിക്കുക. സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷിക്കത്തക്ക വിധത്തിൽ കരിക്കുലത്തിലും ബോധനരീതിയിലും വമ്പിച്ച മാററങ്ങൾ വരുത്തുകമാത്രമാണ് മററൊരു മാർഗം. പ്രബന്ധത്തിൽ സൂചിപ്പിക്കുന്നതും അതുതന്നെയാണ്.

ഈ രണ്ടു നിർദേശങ്ങളും ചർച്ചചെയ്യുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിമിതികൾ കണക്കിലെടുക്കേണ്ടതാണ്. ഇന്നത്തെ 'സ്കൂൾ' സംവിധാനത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ സ്കൂൾ സംവിധാനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള സ്കൂളുകളുടെ സംവിധാനം എങ്ങനെയായിരിക്കും? പ്രബന്ധത്തിൽ തന്നെ സൂചിപ്പിക്കുന്ന പഹാഡ് പാഠശാലകളുടെയും ശ്രീനികേതന്റെയും ഉദാഹരണങ്ങൾ നമുക്ക് എത്രമാത്രം വ്യാപിപ്പിക്കാം? അമേരിക്കയിൽ പരീക്ഷിക്കപ്പെട്ട പേവ്മെൻറ് സ്കൂളുകളുടെ ഉദാഹരണം നമുക്കുപയോഗിക്കാമോ? എന്തുകാഴ്ചപ്പാടനുസരിച്ചാണ് ഇത്തരം സ്കൂളുകളിലെ ബോധനക്രമം തയ്യാറാക്കേണ്ടത്? ഇവയെക്കുറിച്ച് സഗൗരവമായ ചർച്ച നടത്തേണ്ടതാവശ്യമാണ്.

ഈ നിർദേശങ്ങൾ ചർച്ചചെയ്യുമ്പോൾ മററൊരു വസ്തുതയും പ്രധാനമാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്തായിരിക്കണമെന്നും അതിലൂടെ കുട്ടിക്ക് ലഭിക്കേണ്ട ആശയങ്ങളും വസ്തുതകളുമെന്തായിരിക്കണമെന്നും വ്യക്തമാക്കേണ്ടതുണ്ട്. ഒരു സ്കൂളിന്റെ സ്വഭാവവും ഘട

നയും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കമനുസരിച്ചായിരിക്കും ക്രമീകരിക്കപ്പെടുക. വിദ്യാർത്ഥികൾ നേടുന്ന ആശയപരവും പ്രായോഗികവുമായ അറിവ് എങ്ങനെ ഭാവി സമൂഹത്തെ രൂപപ്പെടുത്താനുപയോഗിക്കാം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഇന്നത്തെ സ്കൂൾ സംവിധാനത്തെ പരിഷ്കരിക്കുന്നതിനുള്ള ഏതൊരാലോചനയിലും അത്യാവശ്യമാണ്. നവോദയാ സ്കൂളുകളും ഓപ്പറേഷൻ ബ്ളാക്ക് ബോർഡും സംവിധാനം ചെയ്തവർക്ക് ഭാവി സമൂഹത്തെക്കുറിച്ച് അവരുടെതായ കാഴ്ചപ്പാടുണ്ടായിരുന്നുവെന്നോർക്കണം. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയും പഠ്യപദ്ധതിയുടെ രൂപങ്ങളെയും കുറിച്ച് വ്യക്തമായ ധാരണയില്ലെങ്കിൽ ഈ നിർദേശങ്ങളിൽ പലതും ഉദാത്തമായ ഭാവനകളായി അവസാനിക്കുകയേ ഉള്ളൂ.

രാമമൂർത്തികമ്മററി വിഭാവനംചെയ്യുന്ന സ്കൂളിന്റെ ഘടനയെന്തായിരിക്കണമെന്ന് പിന്നീട് വിവരിക്കുന്നുണ്ട്. അവയുടെ പ്രധാന ഭാഗങ്ങൾ താഴെകൊടുക്കുന്നു.

1 സ്കൂൾ സമയം രാവിലെയോ, ഉച്ചയ്ക്കുശേഷമോ, വൈകുന്നേരമോ മാത്രമാക്കുക,

2 കൃഷിപ്പണി, പ്രാദേശികസാംസ്കാരിക പ്രവർത്തനങ്ങൾ, ചന്തകൾ മുതലായവയെ കണക്കിലെടുത്ത് കലണ്ടറിൽ മാററംവരുത്തക.

3 സ്കൂൾ അധ്യാപനസമയം കുറയ്ക്കുക പഠനസമയം കൂട്ടുക.

4 പുതിയ ഭാഷാപഠനരീതികൾക്ക് രൂപം കൊടുക്കുക.

5 തൊഴിലെടുക്കുന്നവരെയും നിരക്ഷരരുടെ മക്കളെയും എപ്പോൾ വേണമെങ്കിലും സ്കൂളിൽ റ രംനനുവദിക്കുക.

6 ബോധനരീതി സംവാദരൂപത്തിലാക്കുക.

7 സമൂഹജീവിതവുമായി ഉള്ളടക്കത്തെയും ബോധനരീതിയെയും ബന്ധപ്പെടുത്തുക.

8 തുടർച്ചയായ മൂല്യനിർണ്ണയം അധ്യാപനത്തിന്റെ ഭാഗമാക്കുക.

9 പഠനപ്രക്രിയയിലുള്ള സമൂഹപങ്കാളിത്തം.

10 ഇൻടേൺഷിപ്പ് മാതൃകയിലുള്ള അധ്യാപകരുടെ പരിശീലനം.

ഇവിടെ സ്വീകരിക്കപ്പെടുന്ന മാതൃക കോത്താരി കമ്മീഷനുൾപ്പെടെയുള്ള വിവിധ വിദ്യാഭ്യാസകമ്മററികൾ നിർദേശിച്ച സ്കൂൾ മാതൃകകളിൽനിന്ന് വ്യത്യസ്തമാണ്. ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെയും ടാഗോറിനെപോലുള്ളവരുടെ വിദ്യാഭ്യാസപരിശ്രമങ്ങളുടെയും മാതൃകയാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഇന്നത്തെ ഔപചാരിക സ്കൂൾവിദ്യാഭ്യാസത്തിന്റെ ദൃഢത ഒഴിവാക്കുന്നതിനും സ്കൂളിനെ സമൂഹജീവിതവുമായി കൂട്ടിയിണക്കുന്നതിനുള്ള ശ്രമമാണിതെന്ന് പ്രബന്ധത്തിൽ തന്നെ പറയുന്നു. തുടർന്ന് പൊതുവിദ്യാലയസമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ചില നിർദേശങ്ങൾ മുന്നോട്ട്വെക്കുന്നു. അവ പ്രധാനമായി താഴെ പറയുന്നവയാണ്.

1 പ്രാഥമിക വിദ്യാഭ്യാസത്തിന് വർധിച്ച മുതൽമുടക്ക് ഉറപ്പുവരുത്തുക. ഗവർമെണ്ട്, പഞ്ചായത്ത്, എയിഡഡ്സ്കൂളുകളെ അയൽവക്ക സ്കൂളുകളാക്കുക.

2 പിന്നോക്കപ്രദേശങ്ങൾ, ചേരിപ്രദേശങ്ങൾ, ട്രൈബൽ പ്രദേശങ്ങൾ, മരുഭൂമികളും ചതുപ്പുനിലങ്ങളും, കടൽതീരം, ദ്വീപുകൾ എന്നീ പ്രദേശങ്ങളിലെ സ്കൂളുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുക.

3 പ്രാഥമികതലത്തിൽ മാതൃഭാഷാപഠനം ഉറപ്പുവരുത്തുക. ഭാഷാന്യൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ചും ഇതാവശ്യമാണ്. സെക്കണ്ടറി തലത്തിൽ പ്രാദേശികഭാഷകളുടെ അധ്യയനം പ്രോത്സാഹിപ്പിക്കുക. മാതൃഭാഷയിലോ പ്രാദേശിക ഭാഷയിലോ പഠിപ്പിക്കാത്ത സ്കൂളുകൾക്കുള്ള സ്റേററിന്റെ ധനസഹായം നിർത്തിവെക്കുക.

4 പത്തുകൊല്ലത്തിനകം പൊതുവിദ്യാലയ സമ്പ്രദായം നടപ്പിലാക്കുക. പ്രാഥമികതലത്തിലുള്ള പ്രവേശനപരീക്ഷകൾ, ട്യൂഷൻഫീസ്, ക്യാപ്പിറേറഷൻഫീസ് എന്നിവ നിരോധിക്കാൻ നിയമനിർമ്മാണം നടത്തുക.

5 പൊതുവിദ്യാലയ സമ്പ്രദായത്തിലേക്ക് വരേണ്യവർഗ സ്വകാര്യസ്കൂളുകളെയും കൊണ്ടുവരാൻ വേണ്ട നടപടികളെടുക്കുക.

## മധ്യവർഗ താൽപര്യം

പുതിയ സ്കൂൾ സമ്പ്രദായത്തെ വളർത്തി കൊണ്ടുവരാനുള്ള നിർദേശങ്ങൾ മുമ്പ് സൂചിപ്പിച്ച മാനദണ്ഡങ്ങളനുസരിച്ച് പരിശോധി

ക്കേണ്ടതാണ്. പുതിയ സ്കൂൾ സങ്കൽപം പ്രായോഗികമാകണമെങ്കിൽ പുതിയ ഉള്ളടക്കമെത്യാവശ്യമാണ്. എന്തായിരിക്കണം പുതിയ ഉള്ളടക്കത്തിന്റെ സ്വഭാവം? അത് പ്രപഞ്ചത്തെയും സമൂഹത്തെയും കുറിച്ചുള്ള സമഗ്രമായ അറിവ്, ആ അറിവിനെ പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുന്ന, കായികവും മാനസികവുമായ അധ്വാനത്തിനുള്ള പരിശീലനം ഇവ രണ്ടും കൂടി ചേർന്നതാകണം. അക്കാദമിക്-പ്രൊഫഷണൽ, സാങ്കേതികം-സാങ്കേതികേതരം മുതലായ മേഖലകൾ കൂടിച്ചേരുന്നത് ഇവിടെയാണ്. അതിനോടൊപ്പം സമൂഹത്തിന് പ്രയോജനകരമായ ഒരു ജീവിതവൃത്തി, ഉൽപാദനക്ഷമമായ അധ്വാനം എന്നിവയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതും പുതിയ സ്കൂൾ സങ്കൽപത്തിന്റെ ലക്ഷ്യമാകണം.

മുൻസൂചിപ്പിച്ചതിന്റെ അന്തസത്ത പ്രബന്ധത്തിലെ നിർദേശങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നുവെന്നത് ശുഭോദർക്കമായ കാര്യമാണ്. ഇന്ന് സ്കൂളുകളിൽ നിലവിലുള്ള പ്രവൃത്തിപരിചയം, സമൂഹത്തിന് പ്രയോജനകരമായ ഉൽപാദനപ്രവർത്തനം എന്നിവ ഉള്ളടക്കത്തിലും ബോധനരീതിയിലും വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തണമെന്ന നിർദേശം ഇതിന്റെ ഫലമാണ്. അക്കാദമിക്-തൊഴിൽ വിദ്യാഭ്യാസങ്ങൾ കൂടിചേർന്ന ഉദ്ഗ്രഥിത കോഴ്സുകൾ പ്രബന്ധത്തിൽ നിർദേശിക്കുന്നു. സെക്കണ്ടറിതലത്തിൽ വൊക്കേഷണൽ കോഴ്സുകൾ എടുക്കുന്നവരെ നേരിട്ട് തൊഴിലുമായി ബന്ധപ്പെടുത്തുക, സംഘടിത മേഖലയിലും ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ള അസംഘടിത മേഖലയിലും തൊഴിൽലഭിക്കുന്ന രീതിയിൽ വൊക്കേഷണൽ കോഴ്സുകളെ പുനഃസംഘടിപ്പിക്കുക, തൊഴിൽശക്തി ഉപയോഗിക്കുന്ന ഏജൻസികളെ കോഴ്സുകൾ തയ്യാറാക്കുന്നതിലും അധ്യാപനത്തിലും ബന്ധപ്പെടുത്തുക, അവരെ തൊഴിൽ പരിശീലനം നടത്താനുള്ള പ്രാക്ടീസ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും, സ്കൂളുകളിൽ വർക്ക്ബെഞ്ചുകൾ സ്ഥാപിക്കുന്നതിനും അനുവദിക്കുക, വ്യവസായങ്ങളെ സ്വന്തമായ ടെസ്റ്റിങ്ങ് സമ്പ്രദായങ്ങൾ സ്വീകരിക്കാനനുവദിക്കുക തുടങ്ങിയ നിർദേശങ്ങളും പ്രബന്ധത്തിൽ മുന്നോട്ട് വെക്കുന്നുണ്ട്.

പുതിയ സ്കൂൾ സങ്കൽപം എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാമെന്നതിനെക്കുറിച്ച് വേണ്ടത്ര വ്യക്തത പ്രബന്ധത്തിൽ വന്നിട്ടില്ല ഇന്ന് നിലവിലുള്ള സ്കൂൾസങ്കൽപം കൊളോണിയൽകാലഘട്ടത്തുണ്ടായതാണ്. സ്കൂളുകൾ അക്കാദമിക് വിദ്യാഭ്യാസത്തിനുള്ളതാണെന്നും സാങ്കേതികവിദ്യാഭ്യാസം വ്യത്യസ്തമായ മേഖലയാണെന്നുമുള്ള ധാരണ സാധാരണ ജനങ്ങളുടെയിടയിൽ മാത്രമല്ല. വിദ്യാഭ്യാസ വിദഗ്ധരുടെ ഇടയിൽപോലും അടിയുറച്ചതാണ്. പ്രവൃത്തിപരിചയം സമൂഹത്തിന് പ്രയോജനകരമായ ഉൽപാദനപ്രവർത്തനം എന്നിവയുടെയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസപദ്ധതിയുടെയും പരാജയം മറെറാന്നിലേക്കും വിരൽചൂണ്ടുന്നു. ഇന്നത്തെ വ്യവസ്ഥാപിത വിദ്യാഭ്യാസം വെറും തൊഴിലുകൾക്കല്ല, മധ്യവർഗതൊഴിലാളികൾക്കുള്ളതാണ്. സാങ്കേതികവിദ്യാഭ്യാസം ടെക്നീഷ്യൻമാരെയല്ല, ടെക്നോക്രാററുകളെ സൃഷ്ടിക്കാനുള്ളതാണ്. സാധാരണ തൊഴിലുകൾക്ക് വിദ്യാഭ്യാസമോ സാങ്കേതിക വൈദഗ്ധ്യമോ വേണമെന്നാരും വാദിക്കുന്നില്ല. വിലകുറഞ്ഞ അധ്വാനം സുലഭമായുള്ള നമ്മുടെ രാജ്യത്തിൽ സാധാരണ തൊഴിലുകൾ പഠിപ്പിക്കേണ്ടതാണെന്ന് ആർക്കും ധാരണയില്ല. അതിനുള്ള കോഴ്സുകൾ തുടങ്ങിയാൽതന്നെ, അതിലേക്ക് കുട്ടികളെ അയയ്ക്കാൻ മധ്യവർഗരക്ഷിതാക്കൾ തയ്യാറല്ല. പാവപ്പെട്ടവർക്ക് ഇത്തരം പഠനംപോലും അപ്രാപ്യമാണ്. വിദ്യാഭ്യാസരംഗത്തെ ഇന്നടക്കി വാഴുന്ന ബൂർഷ്വാ-മധ്യവർഗ താൽപര്യങ്ങളെ മറികടന്നാൽ മാത്രമെ പുതിയ സ്കൂൾസങ്കൽപം ഫലപ്രദമാകുകയുള്ളൂ.

## പുതിയ ബോധനരീതി വേണം

ഈ സാഹചര്യങ്ങളിൽ, വൊക്കേഷണൽ വിദ്യാഭ്യാസത്തെക്കുറിച്ച് പ്രബന്ധത്തിലുള്ള നിർദേശങ്ങൾ മതിയാകുന്നതല്ലെന്ന് കാണാം. വൊക്കേഷണൽ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം മാത്രമല്ല ഇവിടെ പ്രശ്നം. സമൂഹവികസനത്തിനാവശ്യമായ വിധത്തിൽ മനുഷ്യശക്തിയെ വളർത്തിയെടുക്കുന്ന പുതിയ പാഠ്യപദ്ധതി രൂപപ്പെടുത്തുക കൂടിയാണ്. ഇന്നത്തെ അക്കാദമിക് വിദ്യാഭ്യാസത്തിന്റെ ഘടനയും തൊഴിൽ വിദ്യാഭ്യാസത്തിന്റെ ഘടനയും തമ്മിൽ യാന്ത്രികമായ ഏച്ചുകൂട്ടൽ വിജയിക്കില്ല. കായികവും മാനസികവുമായ അധ്വാ

നത്തിനും പ്രപഞ്ചനിരീക്ഷണത്തിനും തുല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലം പ്രാഥമിക വിദ്യാഭ്യാസം മുതൽ നടപ്പിൽ കൊണ്ടുവരേണ്ടതാവശ്യമാണ്. ഇത്തരത്തിലുള്ള ഒരു പുതിയ കോർകരിക്കുലം അഖിലേന്ത്യാതലത്തിലാവിഷ്കരിക്കണം. അതിന്റെ ബോധനരീതികളും സിലബസിന്റെയും പാഠപുസ്തകങ്ങളുടെയും നിർമ്മാണവും പ്രാദേശികതലത്തിലേക്ക് വിടാവുന്നതാണ്. വിദ്യാഭ്യാസം സമൂഹബദ്ധമാകണമെന്ന് വാദിക്കുമ്പോൾ, അതിന് ഉപകരിക്കുന്ന ബോധനരീതികൾ ആവിഷ്കരിക്കണമെന്നും ആവശ്യപ്പെടേണ്ടതാണ്. ഈ ബോധനരീതികൾ പ്രബന്ധത്തിൽ സൂചിപ്പിക്കുന്ന ശിജുഭായി ബധേകയിലും മറ്റ് വിദ്യാഭ്യാസപരിഷ്കർത്താക്കളിലും ഒതുങ്ങിനിൽക്കുന്നില്ല.

ഉദാഹരണത്തിന്, ഒരു കാർഷികപ്രദേശത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യമെടുക്കാം. കൃഷിയുടെ അന്തരീക്ഷത്തിലാണ് അവിടത്തെ കുട്ടികൾ വളരുന്നത്. വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്ന സമയത്ത് സ്കൂൾ അടച്ചിട്ടതുകൊണ്ടും, വൈകുന്നേരമോ രാവിലെയോ ആയി പഠനസമയം ക്രമീകരിച്ചതുകൊണ്ടും മാത്രം കാര്യമില്ല, കൃഷിപ്പണിയും ഗ്രാമീണസമൂഹജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കുട്ടികളുടെ പ്രായോഗികാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിജ്ഞാനം പകർന്നുകൊടുക്കാനുള്ള ബോധന രീതികളുടെ ക്രമീകരണമാണിവിടെ വേണ്ടത്. അതിനോടൊപ്പം കൂടുതൽ അറിയാനും കൂടുതൽ പ്രവൃത്തനങ്ങളിലേർപ്പെടാനുമുള്ള കുട്ടികളുടെ സ്വാഭാവികമായ ഔത്സുക്യത്തെ വളർത്തിക്കൊണ്ടുവരാനുള്ള വേദികളായി സ്കൂളുകൾ മാറുകയും വേണം. സ്കൂളുകളുടെ ഘടനാപരമായ മാറ്റം മാത്രമല്ല, ബോധന രീതികളുടെ സ്വഭാവത്തിലും പഠനരൂപത്തിലും മാറ്റങ്ങളുണ്ടാകണം. അയൽവക്കസ്കൂളുകളെന്ന ആശയം നടപ്പിൽ കൊണ്ടുവരുന്നത് ഈ പുതിയ പാഠ്യപദ്ധതി അനുസരിച്ചാകണം. അയൽവക്കത്തെ കുട്ടികൾ മുഴുവൻ കൃഷിക്കാരുടെ മക്കളാകുമ്പോൾ കൃഷിയെ ആസ്പദമാക്കി ഭൂമിശാസ്ത്രം, ജൈവശാസ്ത്രം, രസതന്ത്രം, സാമ്പത്തികശാസ്ത്രം, സമൂഹഘടന മുതലായവയെക്കുറിച്ചുള്ള അറിവ് പകർന്നുകൊടുക്കാൻ സാധിക്കും. പുതിയ സ്കൂൾ സങ്കൽപം പ്രായോഗികമാകുന്നത് പുതിയ ബോധരൂപങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ്

പുതിയ ബോധനസമ്പ്രദായങ്ങളെ സംബന്ധിച്ച നിരവധി പരീക്ഷണങ്ങൾ ഇന്ത്യയ്ക്കകത്തും പുറത്തും നടക്കുന്നുണ്ട്. അവയെ മുഴുവൻ ഉൾക്കൊണ്ടുള്ള പരീക്ഷണാത്മകമായ പാഠ്യപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടാണ് പുതിയ സ്കൂളുകളെ വളർത്തേണ്ടത്. പഠനം നിത്യജീവിതവുമായി നേരിട്ട് ബന്ധപ്പെടുമ്പോൾ മാതൃഭാഷയിലുള്ള അധ്യയനവും തൊഴിൽ വിദ്യാഭ്യാസവും സ്വാഭാവികമായി പാഠ്യപദ്ധതിയുടെ ഭാഗമാകും. തൊഴിൽ ശക്തിയെ വളർത്തുക, വികസനകാഴ്ചപ്പാടുമായി ബന്ധപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയും. അപ്പോഴാണ് പൊതുവിദ്യാലയങ്ങൾ ഫലപ്രദമായ വിദ്യാഭ്യാസമാതൃകയാകുന്നത്.

സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസത്തെ കൂടുതൽ മൂർത്തമായ രീതിയിൽ തൊഴിലുമായി ബന്ധപ്പെടുത്താം. നൽകുന്ന തൊഴിൽ വിദ്യാഭ്യാസം ഓരോ പ്രദേശത്തിന്റെയും വികസനാവശ്യങ്ങളുമായി ബന്ധപ്പെടണം. തൊഴിൽദായക ഏജൻസികളും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം നിർണയിക്കുന്നത് വികസനാവശ്യങ്ങളാകണം. തൊഴിലുമായി ബന്ധപ്പെടുത്തുന്ന വിദ്യാഭ്യാസ രൂപങ്ങൾ ഫലപ്രദമായിനടപ്പിലാക്കണമെങ്കിൽ വ്യക്തമായ മനുഷ്യശക്തി ആസൂത്രണം ആവശ്യമാണ്. ഭാവിയിൽ ഏതു തരത്തിൽ മനുഷ്യശക്തിയെ ഉപയോഗപ്പെടുത്തുമെന്നതിനെക്കുറിച്ച് ഇന്നുതന്നെ വ്യക്തമായ ധാരണയാവശ്യമാണ്.

## പരീക്ഷകൾ

വിദ്യാഭ്യാസത്തിന്റെ പല ഘട്ടങ്ങളിലായി കേന്ദ്രീകൃത പബ്ലിക് പരീക്ഷകൾ ഏർപ്പെടുത്തുന്നത് വിവേചനപരമാണെന്ന് പ്രബന്ധം വാദിക്കുന്നു. അതിനുപകരം തുടർച്ചയായി ആഭ്യന്തരമൂല്യനിർണ്ണയം നടപ്പിലാക്കണമെന്നാണ് നിർദേശം. കൃത്യമായ പാഠപുസ്തകങ്ങൾക്കുപകരം വായിക്കാനുള്ള സാമഗ്രികളുടെ ലിസ്റ്റ് നൽകണം. പഠിപ്പിക്കുന്ന ആൾ തന്നെ സിലബസ് നിശ്ചയിക്കുകയും മൂല്യനിർണയം നടത്തുകയും വേണം. വിദ്യാർഥികൾ അധ്യാപനത്തിന്റെ ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് കടക്കുന്നത് പ്രവേശനപരീക്ഷകൾ വഴിയായിരിക്കും.

ഇന്നത്തെ പബ്ലിക് പരീക്ഷകൾ വിദ്യാർഥികളുടെ യഥാർഥകഴിവിനെ പ്രതിഫലിപ്പിക്കു

ന്നില്ലെന്നത് വ്യക്തമാണ്. ഇൻേറണൽ അസസ്മെൻറ് എന്ന ആശയം ഇതിനു മുമ്പ് ഉന്നയിച്ചിട്ടുള്ളതുമാണ്. സെക്കണ്ടറി തലത്തിൽ സെമസ്ററർ സിസ്ററം ആരംഭിക്കണമെന്ന നിർദേശവുമുണ്ട്. പക്ഷെ, മൂല്യനിർണയത്തിൻെറ രൂപം എന്തായിരിക്കണം? ഇൻേറണൽ അസസ്മെൻറ് എന്ന പേരിൽ തുടർച്ചയായ ടെസ്ററുകൾ നടത്തിയാൽ മതിയോ? കുട്ടികളുടെ

ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം ശുപാർശകളോ നിർദേശങ്ങളോ ഇല്ലാത്തതല്ല പ്രശ്നം. രാധാകൃഷ്ണൻ കമ്മിഷൻ മുതൽക്കുള്ളവയുടെ അപഗ്രന്ഥങ്ങളും ശുപാർശകളും നമ്മുടെ മുന്നിലുണ്ട്. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളുടെ ആഴവും പരപ്പും കണക്കിലെടുത്ത് ഈ നിർദേശങ്ങളെ സമൂഹ പുരോഗതിക്ക് ഉതകുംവിധം മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നത് എങ്ങനെ? അതാണ് കാതലായ പ്രശ്നം. അക്കാര്യത്തിൽ രാമമൂർത്തികമീഷൻ രചനാത്മകമായ സംഭാവന ചെയ്തു എന്ന് തീർത്ത് പറയാനാവില്ല.

പ്രായോഗിക പരിജ്ഞാനത്തെ അളക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം? പരീക്ഷാപരിഷ്കാരങ്ങൾ എന്ന പാക്കേജ് നടപ്പിലാക്കുമ്പോൾ ഇവയെല്ലാം കണക്കിലെടുക്കണം.

പബ്ളിക് പരീക്ഷകൾക്കു പകരം പ്രവേശനപരീക്ഷകൾ എന്ന നിർദേശം ഫലപ്രദമാകില്ല. എൻട്രൻസ് പരീക്ഷകളുടെ മുൻവിധികളെയും വിവേചനത്തെയും കുറിച്ച് വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വിവിധ വിദ്യാഭ്യാസ സാമൂഹ്യ പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഒരേതരത്തിലുള്ള പ്രവേശന പരീക്ഷകൾ നൽകുന്നത് അവരെ പബ്ളിക്പരീക്ഷകൾക്ക് വിധേയരാക്കുന്നതിനോട് തുല്യമാണ്. വിദ്യാഭ്യാസത്തിലെ ഓരോ ഘട്ടത്തിലുമുള്ള പ്രവേശനത്തിന് വിദ്യാർഥിയുടെ പൂർവ വിദ്യാഭ്യാസവും സാമൂഹ്യപശ്ചാത്തലവും താൽപര്യവും പൂർണമായി മനസിലാക്കാൻ കഴിയുന്ന സമഗ്രമായ മൂല്യ നിർണയപദ്ധതിയാണാവശ്യം. അതിന് ആവശ്യമെങ്കിൽ പ്രവേശന പരീക്ഷകളും ആകാം.

## സ്ത്രീ വിദ്യാഭ്യാസം

1986 ലെ വിദ്യാഭ്യാസ നയത്തിൽ പ്രത്യേക ശ്രദ്ധ നൽകപ്പെട്ട മേഖലയാണ് സ്ത്രീ വിദ്യാഭ്യാസം. രാമമൂർത്തികമ്മററി സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി നിർദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. പോഷകാഹാരം, ആരോഗ്യ പരിപാലനം, ശിശുസംരക്ഷണം മുതലായ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രങ്ങളായി സ്ക്കൂളുകള വളർത്തുക.

2. വീടുകൾക്കടുത്ത് സ്ക്കൂളുകളും ആവശ്യത്തിന് ഹോസ്ററൽ സൗകര്യങ്ങളും.

3. അധ്യാപികമാരുടെ എണ്ണം വർധിപ്പിക്കുക.

4. സ്കോളർഷിപ്പുകൾ, സൗജന്യപാഠ പുസ്തകങ്ങൾ, യൂണിഫോമുകൾ മുതലായവ വിതരണം ചെയ്യുക.

5. വനിതാ പോളിടെക്നിക്കുകൾ സ്ഥാപിക്കുക.

6. സ്ത്രീപഠന ഗവേഷണ കേന്ദ്രങ്ങൾ സർവകലാശാലകളിൽ വികസിപ്പിക്കുക.

7. സ്ത്രീവിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് നീക്കിവെക്കുക.

8. മാധ്യമങ്ങളിലെ സ്ത്രീ വിവേചനം അവസാനിപ്പിക്കുക.

സ്ത്രീവിദ്യാഭ്യാസത്തിൻെറ പ്രശ്നം നിലവിലുള്ള സാമൂഹ്യ അസമത്വവുമായി കൂടി ബന്ധപ്പെട്ടതാണ്. സമൂഹത്തിലെ ഉച്ചനീചത്വത്തിനും പീഡനമുറകൾക്കും എതിരായി പോരാടുന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തിൽ മുൻകൈ എടുത്തിട്ടുണ്ട് എന്നതാണ്, ഇന്ത്യയൊട്ടുക്കും കേരളത്തിൽ പ്രത്യേകിച്ചുമുള്ള അനുഭവം. വിദ്യാഭ്യാസം ഒരു സാമൂഹ്യമുന്നേററമായി വളരുന്ന സാഹചര്യങ്ങളിൽ സ്ത്രീകൾ വിദ്യാഭ്യാസം നേടാൻ മുന്നോട്ടുവരുമെന്നതിന് ഇന്ന് കേരളത്തിൽ നടക്കുന്ന സാക്ഷരതാപ്രവർത്തനം തന്നെ തെളിവാണ്. പെൺകുട്ടികളുടെ നിർബന്ധിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന പ്രസ്ഥാനങ്ങൾ വളർത്തികൊണ്ടുവരുകയാണ് ഇവിടെ ആവശ്യം. അത്തരമൊരു സാഹചര്യത്തിലാണ് പ്രബന്ധത്തിലെ നിർദേശങ്ങൾക്ക് കൂടുതൽ പ്രസക്തിയുണ്ടാവുക.

## വിദ്യാഭ്യാസ കോംപ്ലക്സുകൾ

രാമമൂർത്തികമ്മററി തയ്യാറാക്കിയ പ്രബന്ധം സ്കൂൾ സമ്പ്രദായത്തിന്റെ വികേന്ദ്രീകരണത്തിന് വേണ്ടി ശക്തമായി വാദിക്കുന്നു. പ്രാദേശിക തലത്തിൽ പ്രൈമറി സ്കൂളുകൾ മുതൽ കോളേജുകൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചേർന്ന് ഒരു വിദ്യാഭ്യാസ കോംപ്ലക്സാകണമെന്നാണ് നിർദേശം. ആ പ്രദേശത്ത് പ്രവർത്തിക്കുന്ന സർവകലാശാലകൾക്കും ഈ കോംപ്ലക്സുമായി ബന്ധപ്പെടുകയും ഇതിനു വേണ്ട അധ്യാപകർ, സാങ്കേതിക വിഭവങ്ങൾ മുതലായവ സൃഷ്ടിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുകയും ചെയ്യാം. സർവകലാശാലകൾ, ജില്ലാവിദ്യാഭ്യാസ ബോർഡുകൾ, പഞ്ചായത്തുകൾ, സ്റേററ് ഇൻസ്ററിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഡി ഐ ഇ ടി (വിദ്യാഭ്യാസ പരിശീലനത്തിനുള്ള ജില്ലാ ഇൻസ്ററിറ്റ്യൂട്ട്) മുതലായ റിസോഴ്സ് ഏജൻസികൾക്ക് ഒന്നിച്ച് പ്രവർത്തിക്കാം. വിദ്യാഭ്യാസ കോംപ്ലക്സുകൾ അന്തിമമായി പഞ്ചായത്ത് സമിതികളുടെ കീഴിൽ വരണമെന്നതാണ് ലക്ഷ്യം. വിദ്യാഭ്യാസ കോംപ്ലക്സുകളിലെ വിദ്യാഭ്യാസത്തിന്റെ മാനേജ്മെൻറ് പൂർണമായും അധ്യാപകരുടെ കയ്യിൽ വരണമെന്നാണ് മറെറാരു നിർദേശം. അധ്യാപകരും സമൂഹവുമൊന്നു ചേർന്ന് ഇവ നടത്തണം.

ഈ ആശയങ്ങളെ ഇന്നത്തെ ഭരണസാഹചര്യങ്ങളിൽ നിന്നുവേണം പരിശോധിക്കാൻ. വിദ്യാഭ്യാസ മാനേജ്മെൻറ് ഇന്ന് കേന്ദ്രഗവർമെണ്ടും സംസ്ഥാന ഗവർമെണ്ടുമാണ് നിയന്ത്രിക്കുന്നത്. പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിൽ മുൻകൈ സ്വകാര്യ ഏജൻസികൾക്കുമാണ്. ഇന്നത്തെ അവസ്ഥയിൽ വലിയൊരു ശതമാനം ഏജൻസികൾക്ക് ന്യൂനപക്ഷമെന്ന നിലയിൽ ഭരണഘടനാപരമായ സംരക്ഷണം ലഭിക്കുന്നുണ്ട്. മറെറാരു വിഭാഗത്തിന് ഇന്ത്യയിലെ അധീശത്വവർഗങ്ങളുടെയും സംരക്ഷണം ലഭിക്കുന്നു. 1986 ലെ വിദ്യാഭ്യാസനയം സംസ്ഥാന-ജില്ലാതലങ്ങളിൽ / വിദ്യാഭ്യാസ ബോർഡുകൾ വിഭാവനംചെയ്യുകയും പ്രാദേശികതലത്തിൽ സ്ക്കൂൾ കോംപ്ളസുകളെന്ന നിർദേശം വെക്കുകയും ചെയ്തു. പക്ഷെ, ചില ജില്ലകളിൽ ഡി ഐ ഇ ടികൾ അരംഭിച്ചതൊഴിച്ചാൽ മററ് മേഖലകളിൽ നീക്കങ്ങളൊന്നുമുണ്ടായില്ല.

## വികേന്ദ്രീകരണം

വിദ്യാഭ്യാസ വികേന്ദ്രീകരണത്തിന് പ്രധാനപ്പെട്ട തടസം എന്താണ്? ജനാധിപത്യപരമായ രാഷ്ട്രീയ അധികാരവികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ വികേന്ദ്രീകരണമുണ്ടാവുക. അധികാരവികേന്ദ്രീകരണം വലിയൊരളവുവരെ നടപ്പിലായിട്ടുള്ള പശ്ചിമ ബംഗാളിനെപ്പോലുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ വികേന്ദ്രീകരണം പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. എന്നാൽ മററ് പ്രദേശങ്ങളിൽ ബുദ്ധിമുട്ടുണ്ടാകും. ഒരു പ്രദേശത്തെ വിദ്യാഭ്യാസത്തിന്റെ പൂർണചുമതല അവിടത്തെ സമൂഹത്തിന്റെ കയ്യിൽ വരുകയെന്നത് വിപ്ളവകരമായ മാററമാണ്. പക്ഷെ, ഇന്നത്തെ സ്വകാര്യവൽക്കരണ-വരേണ്യവൽക്കരണ ബ്യൂറോക്രാററിക് പ്രവണതകളെ ചെറുത്തുതോൽപിച്ചാൽ മാത്രമെ വിദ്യാഭ്യാസ രംഗത്തെവികേന്ദ്രീകരണം സാധ്യമാകു.

വിദ്യാഭ്യാസകോംപ്ളക്സുകളെ പ്രാദേശികാസൂത്രണവുമായി ബന്ധപ്പെടുത്തുന്നതിനുള്ള നിർദേശം അതിലുണ്ട്. ഉന്നതവിദ്യാഭ്യാസത്തെ മുഴുവൻ പ്രാദേശിക വികസനത്തിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്താനുള്ള നിർദേശവുമുണ്ട് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആസൂത്രണ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന രീതിയിൽ അവിടത്തെ വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കണമെന്നാണ് മറെറാരു നിർദേശം. വളരെ ഗൗരവപൂർവം പരിഗണിക്കേണ്ട നിർദേശങ്ങളാണിവ. പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യശക്തി എത്രയാണെന്നും, അവരെ പരിശീലിപ്പിക്കുന്നതിനാവശ്യമായ വിഷയങ്ങളാണോ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതെന്നും പരിശോധിക്കാൻ പോലും ഇന്ന് മെനക്കെടാറില്ല. വിദ്യാലയങ്ങളിലെ അധ്യയനവും നമ്മുടെ പ്രായോഗികാവശ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേട് പകൽപോലെ വ്യക്തമാണ്. നമ്മുടെ വിദ്യാഭ്യാസത്തെ പ്രാദേശികാസൂത്രണവുമായി ബന്ധപ്പെടുത്താനുള്ള നീക്കം നടത്തുമ്പോൾ ഏത് തരത്തിലാണ് ബന്ധം സ്ഥാപിക്കാൻ കഴിയുകയെന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. അത്തരം വിദ്യാഭ്യാസ ആസൂത്രണത്തിന് പ്രതിബന്ധമാകുന്ന ശക്തികൾക്കെതിരെ പോരാടാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും ആവശ്യമാണ്.

വിദ്യാഭ്യാസത്തിന്റെ പ്രാദേശികാസൂത്രണം ഇന്നുള്ള പ്രാദേശിക വ്യതിയാനങ്ങളെ ഉന്മൂലനം ചെയ്യുന്ന വിധത്തിലാകണം. അതിന്റെ ചില അംശങ്ങളായ മാതൃഭാഷാ പഠനം, പിന്നോക്കപ്രദേശങ്ങളിലെ വിദ്യാഭ്യാസം തുടങ്ങിയവയിൽ ശ്രദ്ധ ചെലുത്തിക്കാണുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ പ്രാദേശിക വ്യതിയാനങ്ങളെ മറികടക്കാൻ രണ്ട് മാർഗങ്ങളുണ്ട്. ഒന്ന്, ദേശീയോദ്ഗ്രഥനത്തിന്റെയും മതേതര ജനാധിപത്യത്തിന്റെയും സന്ദേശത്തെ വിദ്യാഭ്യാസത്തിലൂടെ പ്രചരിപ്പിക്കുക. മറ്റൊന്ന് പ്രാദേശിക സാംസ്കാരിക, സംവേദന രൂപങ്ങളെ വളരെവേഗം വളർത്തുന്നതിന്റെ മാർഗമായി വിദ്യാഭ്യാസത്തെ വിനിയോഗിക്കുക. ഇവ രണ്ടും വളർത്തുന്ന തരത്തിലുള്ള കരിക്കുലം രൂപപ്പെടുത്തണം.

## വിഭവസമാഹരണം

പുതിയ വിദ്യാഭ്യാസ പദ്ധതിക്കുവേണ്ട വിഭവസമാഹരണം എങ്ങനെ നടത്തും? താഴെ പറയുന്ന നിർദേശങ്ങളാണ് പ്രബന്ധത്തിൽ അടങ്ങിയിക്കുന്നത് 1. മൊത്തം ദേശീയ ഉൽപന്നത്തിന്റെ ആറുശതമാനം വിദ്യാഭ്യാസത്തിന് നീക്കിവെക്കുക.

2. കേന്ദ്ര സംസ്ഥാന ബഡ്ജററുകളിൽ കൂടുതൽ പണം നീക്കിവെക്കുക.

3. സമൂഹത്തിൽ നിന്നും, പഞ്ചായത്തുകൾ വഴിയായും കൂടുതൽ വിഭവസമാഹരണം നടത്തുക.

4. പ്രാഥമിക വിദ്യാഭ്യാസത്തിന് കൂടുതൽ പണം നീക്കിവെക്കുക.

5. സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗങ്ങൾ, പിന്നോക്കവിഭാഗങ്ങൾ എന്നിവർക്ക് പ്രത്യേകമായി പണം നീക്കിവെക്കുക.

6. ഉന്നത വിദ്യാഭ്യാസത്തിലെ ഫീസ് വർധിപ്പിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

7. ഫീസ് വർധനയോടൊപ്പം ദുർബല വിഭാഗങ്ങൾക്ക് സ്കോളർഷിപ്പും വിദ്യാർഥികൾക്ക് വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

8. ബിരുദധാരികളുടെ സേവനം ഉപയോഗിക്കുന്നവരിൽ നിന്ന് ഗ്രാജ്വേററ് ടാക്സ് ഈടാക്കുക.

പ്രാഥമിക വിദ്യാഭ്യാസ മുഖംപൊടെ അവശ്യ മേഖലയിൽ വിഭവസമാഹരണം കുറയുന്നതു മാത്രമല്ല പ്രശ്നം. നീക്കിവെച്ച തുക പോലും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ലെന്നതും വസ്തുതയാണ്. കേരളത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി വമ്പിച്ച തുക ചെലവാക്കുന്നുണ്ട്. അതിൽ ഭൂരിഭാഗവും അധ്യാപകരുടെ ശമ്പളമാണ്. അക്കാദമിക് ആസൂത്രണത്തിനും അതിനുവേണ്ട വിഭവസമാഹരണത്തിനും കാര്യമായൊന്നും ചെലവാക്കുന്നില്ല. അതുകൊണ്ട് കേന്ദ്ര സംസ്ഥാന ബഡ്ജററുകളിലെ തുക വർധിപ്പിക്കണമെന്ന് നിർദേശിച്ചാൽ മാത്രം പോര; എന്തിനൊക്കെ വേണ്ടിയാണീ തുക ചെലവാക്കുന്നതെന്ന് മുൻകൂട്ടി തീരുമാനിക്കണം. ഇന്ന് വിദ്യാഭ്യാസത്തിന് ചെലവാക്കുന്ന സംഖ്യയിൽ പകുതിയോളമെങ്കിലും അക്കാദമിക് പ്രവർത്തനത്തിന് ചെലവഴിച്ചാൽ മാത്രമെ വിദ്യാഭ്യാസം വളരുകയുള്ളൂ.

ഇന്ന് ഗവർമെണ്ട് ഗ്രാൻറുകൾ കൊണ്ടുമാത്രം ഒരു സ്കൂൾ നടത്താൻ സാധിക്കുകയില്ലെന്ന് വ്യക്തമാണ്. സൗജന്യവിദ്യാഭ്യാസം, ജനാധിപത്യ വിദ്യാഭ്യാസ വ്യവസ്ഥയുടെ അടിസ്ഥാനഘടകങ്ങളിലൊന്നാണ്. അതുപേക്ഷിക്കുക സാധ്യമല്ല. പിന്നെയെങ്ങനെ വിഭവസമാഹരണം നടത്തും? വികേന്ദ്രീകൃതമായ അധികാരവ്യവസ്ഥയിൽ, ഒരു പ്രത്യേക പ്രദേശത്തെ വിദ്യാലയങ്ങളെ നിലനിർത്തുന്നതിനുള്ള ചുമതല അവിടത്തെ സമൂഹത്തെ, പ്രവർത്തിക്കുന്ന ജനാധിപത്യ സമിതികളെ ഏൽപിക്കുക എന്നതാണ് ഒരു മാർഗം. ആ സ്കൂളുകളെ നിലനിർത്തുന്നതിനും വിഭവസമാഹരണം ഇത്തരം സമിതികൾ ഏറെറടുത്ത് നടത്തിക്കൊള്ളും. കേരളത്തിലെ അധ്യാപകരക്ഷാകർതൃ സമിതികൾ നടത്തുന്ന പ്രവർത്തനങ്ങൾ ഇതിനുദാഹരണങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തെയെങ്കിലും നിലനിർത്തുന്നതിനുള്ള ചുമതല ജനാധിപത്യ സമിതിക്ക് വിട്ടുകൊടുക്കാം.

ഉന്നതവിദ്യാഭ്യാസത്തിലെ ഫീസ് വർധിപ്പിക്കാനുള്ള നിർദേശം വിവാദവിഷയമായേക്കാം. പക്ഷെ, ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി വരുന്ന വർധിച്ച ചെലവുകൾ മുഴുവൻ സബ്സിഡൈസ് ചെയ്യാൻ ഗവർമെണ്ടിനെ കൊണ്ടാവില്ല. അതിനും പുതിയ വിഭവസമാഹരണ മാർഗങ്ങൾ കണ്ടെത്തേണ്ടതാണ്. ഉന്നത വിദ്യാഭ്യാസരംഗത്തും സമൂഹത്തിന്റെ സഹകരണംഉറപ്പ്

വരുത്തുക എന്നതാണ് ഒരുമാർഗം. പ്രത്യേകിച്ച്, ഉന്നതവിദ്യാഭ്യാസത്തെ പ്രാദേശികാവശ്യങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ, അതിനു വേണ്ട ബാധ്യതകളുടെ ഒരു പങ്ക് സമൂഹം വഹിക്കുകയെന്നത് യുക്തിസഹമാണ്.

## പഴയ ചില പ്രശ്നങ്ങൾ

രാമമൂർത്തി കമ്മററിയുടെ നിർദേശങ്ങളിലെ ചെറിയ ഭാഗങ്ങൾപോലും പ്രയോഗത്തിൽ വരുത്തണമെങ്കിൽ, പഴയ ചില പ്രശ്നങ്ങൾ വീണ്ടുമുയർത്തേണ്ടിവരും. നവോദയ സ്കൂളുകളെ അയൽവക്കസ്ക്കൂളുകളാക്കുമ്പോൾ അവ നടത്തുന്നതിൻെറ ഉദ്ദേശ്യം എന്തായിരിക്കും? നാട്ടിലെങ്ങും കൂണുപോലെ മുളച്ചു വരുന്ന പബ്ളിക് റെസിഡൻഷ്യൽ സ്ക്കൂളുകളെ എങ്ങനെ കൈകാര്യം ചെയ്യും. ചെറിയ വിഭാഗത്തിനുവേണ്ടിയുള്ള "പ്രതിഭാകേന്ദ്രങ്ങ"ളെ രാമമൂർത്തികമ്മററി എതിർത്തിരിക്കുകയാണ്. എങ്കിലും, ഐ ഐ ടികൾ, ഗവേഷണ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ധാരാളം പണം നീക്കിവെക്കുന്നുണ്ട്. അവയുടെ ഭാവി എന്തായിരിക്കും? സ്വയംഭരണ കോളേജുകളെക്കുറിച്ച് പ്രബന്ധം ചർച്ചചെയ്യുന്നില്ല. എങ്കിലും ഇന്ന് ചില കോളേജുകൾ അങ്ങനെ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ, പല സർവകലാശാലകളും കോളേജുകളിൽ "സ്വയം ഭരണ' കോഴ്സുകൾ അനുവദിച്ചുവരികയാണ്. വ്യാപകമായ വിദ്യാഭ്യാസ കച്ചവടത്തിന് ഇത് കാരണമായേക്കുമെന്ന ആശങ്കയുമുണ്ട്. ഈ പ്രവണതയെ എങ്ങനെ കൈകാര്യംചെയ്യും? ഇന്ത്യയിൽ ഉണ്ടാകുന്ന ശാസ്ത്രസാങ്കേതിക വൈദഗ്ധ്യത്തിൻെറ വലിയൊരു ഭാഗം പുറംനാടുകളിലേക്ക് കയററി അയയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ എങ്ങനെ തടയും? വിദ്യാഭ്യാസത്തിൽ പൊതുവെയും ഉന്നതവിദ്യാഭ്യാസത്തിൽ പ്രത്യേകിച്ചും വളർന്നുവരുന്ന നിലവാരത്തകർച്ച, പ്രബന്ധത്തിൽ സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, അതു് തടയാനുള്ള ഫലപ്രദമായ മാർഗങ്ങൾ നിർദേശിക്കപ്പെടുന്നില്ല. സ്വകാര്യവൽക്കരണത്തിൻെറയും, ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന കച്ചവടാനുകൂല്യങ്ങളുടെയും മറവിൽ വിദ്യാഭ്യാസ കച്ചവടക്കാർ തഴച്ചു വളരുകയാണ്. ഇവരുടെ പ്രവർത്തനങ്ങൾ യഥാർഥ പിന്നോക്കവിഭാഗങ്ങളെ ഒരുതരത്തിലും ബാധിക്കുന്നുമില്ല ഈ കച്ചവടക്കാരെ തടയത്തക്കവിധത്തിൽ ഭരണഘടനാമാററമുൾപ്പെടെയുള്ള നിയമ നിർമ്മാണം നടത്താൻ കഴിയുമോ?

ഇത്തരത്തിലുള്ള നിരവധി പ്രായോഗിക പ്രശ്നങ്ങളെ സംബന്ധിച്ച് ധീരവും പുരോഗമനാത്മകവുമായ നടപടികൾ കൈക്കൊണ്ടാൽ മാത്രമെ, പ്രബന്ധത്തിൽ നിർദേശിക്കുന്ന പുതിയ വിദ്യാഭ്യാസ സങ്കൽപം നടപ്പിൽവരുത്താൻ കഴിയൂ. അതിൻെറ ആദ്യപടി ഇന്ത്യയിൽ 15 വയസുവരെയുള്ള മുഴുവൻ കുട്ടികൾക്കും തുല്യഅവസരങ്ങൾ നൽകുന്നതും ജനാധിപത്യപരവുമായ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ്. അതിനുള്ള പ്രതിബന്ധങ്ങൾ എന്തായിരുന്നാലും തട്ടിനീക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണിവിടെ ആവശ്യം. ഇതിനെക്കുറിച്ച് വിപുലമായ വിദ്യാഭ്യാസസംവാദം സംഘടിപ്പിക്കുകയും പ്രായോഗികവശങ്ങളെക്കുറിച്ച് ആഴത്തിലുള്ള പഠനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. അതിന് സാധ്യമാകുന്ന രീതിയിൽ നമ്മുടെ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളിൽ വേണ്ട അഴിച്ചുപണി നടത്തുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ഇത്രയും വിശദമായി എഴുതിയത്, രാമമൂർത്തി കമ്മിററി ശുപാർശകളിൽ ഗുണപരമായ ഒന്നുമില്ല എന്ന അർഥത്തിലല്ല. നിരവധി പുതിയ വഴിത്താരകളെക്കുറിച്ച് ആലോചിക്കാൻ അവയ്ക്ക് കഴിയുന്നുണ്ട് അവ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിന് വിപുലമായ പഠനങ്ങളും നടപ്പിലാക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും വേണമെന്നുമാത്രം. അതില്ലെങ്കിൽ ഇതുവരെയുണ്ടായ കമീഷൻ ശുപാർശകളെപോലെ ഇവയും ഏട്ടിലൊതുങ്ങുകയേ ഉള്ളൂ. നമ്മുടെ വിദ്യാഭ്യാസ വിദഗ്ധരുടെ മോഹന സങ്കൽപങ്ങൾക്ക് മറെറാരുദാഹരണമായി ഇതും കണക്കാക്കപ്പെടും. **(ചിന്ത)**

# Career Advancement Of Teachers Of Affiliated Colleges Under M. G. University

The Syndicate accepted the blue print of career advancement of teachers of M G. University proposed by Prof. Joy Job Kulavelil, Member, Syndicate for starting Refresher Courses, Orientation Courses and M. Phil. Courses in affiliated colleges where adequate facilities are available. The Syndicate also decided to constitute a Committee consisting of Prof. Joy Job Kulavelil, Prof. K. Aravindakshan, Prof. K.P.Saratchandran, Dr. C.V. Cheriyan, Prof K.G. Paulose, and Prof. M.M. Kuttappan to study and submit a detailed report about the proposal.

**Plan Perspective**

Consequent on the implementation of U.G.C. Scheme in Kerala it becomes imperative on the part of the University to provide facilities for career advancement.

The U.G.C. package envisages updating information. It is not feasible for all the 5000 odd teachers of this University/Colleges to acquire M. Phil. or Ph. D. in a short span of time. The practical wisdom demands provision of opportunities for our teachers to get exposure to different dimensions of knowledge explosion in concerned subjects through short term refresher courses. U.G.C. has stipulated certain conditions for obtaining higher grade and pay scale. Also it is a package Scheme.

For eg: Appendix 5.01 :- Every teacher shall be placed in a senior scale if he/ she has

(b) Participated in two refresher Courses/summer institutes each of approximately 4weeks duration or engagedi n other appropriate continuing education programmes of comparable quality as may be specified by the U.G.C.

Appendix 5.03:- Every lecturer in senior scale will be eligible for the post of reader/selection grade lecturer if he/she has:

(d) Participated in two summer institute/refresher course each of approximately 4 weeks duration or engaged in other appropriate continuing education programme of comparable quality as may be specified by the U.G.C. after placement in the senior scale.

Further the G.O. issued on 29.5.1990 HigherEducation gives placement of teachers in Senior Scale/selection scale pro visionally suspending para 5.01 (b) and 5.03 (d) of the U.G.C. schedule till 1.7.1992 ie,the data line for upgradation

**Existing facilities**

Our University has only very few Faculties and Faculties for major subjects are yet to take shape. More serious is the lack of an Academic Staff College. Teachers in Colleges affiliated to this University cannot on any account wait till faculties are established to cater to their academic needs. The alternate proposals become more meaningful in this context. Also we would like to request the Syndicate and the Vice-Chancellor to initiate steps to establish an Academic Staff College at the earliest.

Since the Committee also feels that it is better to establish a Staff Training College because this could cater to the needs of Academic and Administrative

personnel of our University. This could be developed in a separate Campus, may be at some hill stations in the high ranges preferably in Idiki District which comes under the territorial jurisdiction of the University.

Some well-wishers of the University have indicated that there are a few acres of revenue land available in high ranges, suitable for the construction of the College. A Committee may be constituted to make an on the spot study and feasibility of establishing a college away from the headquarters. The Committee has to seek the help of the Government in identifying the revenue land and subsequent allotment of this land to the University at the earliest.

**Objectives of the refresher Courses**

1 To upate the knowledge of the teachers in their respective sudjects.
2 To make the teacher aware of the developments in their specialised area.
3 To prepare and encourage the teachers for research.
4 Awareness of teachers about their role and responsibility in the emerging Indian Society.
5 Role of teachers in protecting the unity and integrity of the Country.

**Constitution of an Academic Advisory Committce**

An Academic adviaory Committes will be in charge of the conduct of all the courses ie. refresher courses, Orientation Courses, M. Phil. Courses etc., on the following pattern.

1 Vice-Chancellor-Chairman
2 Pro-Vice-Chancellor-Vice-Chairman
3 Syndicate Member
4 ,, ,,
5 ,, ,,
6 Registrar
7 Heads of University Departments
8 Principals of affiliated Colleges (3)
9 Finance Officer
10 D.C.D.C.
11 Special Officer in charge of the Courses (Director of Staff Collge)

This Committee constituted will frame policy lay outs and administer and monitor the programme.

5 **Courses and their priorities**

a Refresher Courses/Career advancement or upgradation course extending for 3-4 weeks to be introduced in affiliated colleges/University departments.

b **Orientation** Courses for young teachers extending for 4 weeks to be introduced in affiliated Colleges/University departments.

c Starting of M. Phil. Courses in affiliated colleges where facilities are available and faculty is equipped to cater to the academic needs. This of course is a policy matter and therefore careful deliberations are required. It is to be remembered that Kerala University has already taken the initiative in starting M. Phil. Courses in affiliated Colleges.

But the highest priority is for the refresher courses.

**Course content and Resource personnel**

The refresher course content to be designed in tune with U.G.C proposal. This must equip the teachers to understand Research methodology and to pursue Research work. The course content may be designed in such a way that the teachers get an exposure to Reserch Methods and to new frontiers of knowledge. This would definitely help to raise the standard and quality of higher education.

1 Research Methodology
2 General Updating

3 Subject wise/paperwise updating

4 National Education policy

5 National Integration

6 Unity and Integrity of the Country

7 Examination Reforms

8 Education for development and social change.

Each subject will have a co-ordinator and an advisory Committee. They will have to prepare the details of the Course content relating to the concerned subjects.

With regard to the resource personnel the following patten could be followed.

a The services of the qualified personnel in the Department/College where the course is held could be utilised.

b The services of our University teachers could be considered.

c The services of qualified research guides from affiliated colleges of our University could be utilised.

d The services of floating professor could be a major source.

e The subject co-ordinators/Director could arrange resource persons from a approved panel of experts to be prepared by the Academic Advisory Committe.

**Selection of centres for refresher courses**

The affiliated institutions of the University are spread in 4 different Districts viz. Ernakulam, Kottayam, Idikki and Pathanamthitta. We have one college located in Alleppuzha District also. We could divide these colleges into two zones.

1 Kottayam zone - Kottayam
Pathanamthitta
Part of Alleppey District

2 Ernakulam zone - Eranakulam
Idikki

Only Ist grade colleges with sufficient facilities alone would be selected.

Kottayam zone - C.M S College
S.B. College
N.S.S. Perunna
St. Thomas, Palai
Marthoma, Tiruvalla
Catholicate, Pathanamthitta
B C.M Kottayam
K E. College, Mannanam

Ernakulam zone - U.C. College
Maharajas College
St. Teresaa College
S.N.College, Thevara
St. Alberts College, Ernakulam
Nirmala College
St. Xavier's College
S.S. College, Kalady

For subjects in which we have University Faculties, the course could de arranged in the University Departments too.

For major subjects the courses to be arranged zonewise and for minor subjects only one centre is required.

**Financial Memoransum**

Remuneration for resource persons
Rs.50/-per hour x120 Hrs.-6000.00
TA. DA for resource persons-16000.00
Accomodarion
Stationary, Printiag,

| | |
|---|---|
| Cyclostyling | - 5000.00 |
| Postage, Telephone | - 2000.00 |
| Refreshment | - 15000.00 |
| Honorarium to the Co-ordinator | - 1000 00 |
| Honorarium to the Principal | - 500 00 |
| Non-teaching Staff | - 500.00 |
| Contingencies | - 4000.00 |
| | 50000.00 |

Income

**Registration fee** 250×40 - 10000.00

The difference between income and expenditure would be roughly 40000.00 and the University would have to bear it from various heads viz. unassigned grant, floating professors account and other similar heads.

If the University could bear all the expensee as it is done in other Universities it would be more desirable

Since we do not have an Academic Staff College the U.G.C. has to appreciate our sincere efforts to update the information of our teachers. The esteemed Vice-Chancellor would impress upon the U.G.C. authorities the need for further grant for staff improvement initative taken by our University in the absence of an Academic Staff College.

Also we have to make the U.G.C. authority understand that under the curreent rate of updating Information we would take a number of years to equip our teachers. Only when all the teachers are equipped the purpose of the course would b: saved.

## NO OF COURSES AND EXPENDITURE

**Major subjects**

Science: Physics, Chemistry, Botany, Zoology, Mathematics

Humanities: History, Economics, Commerce

**Languages** English, Malayalam, and Hindi

**Minor subjects** Politics
Sociology
Sanskrit
Philosophy
Statistics
Home Science
Geology
Psychology

For minor subjects only one zone is required.

Zonal arrangements are required, for the 11 major subjects

| | | |
|---|---|---|
| major 11×2 | = | 22 Courses |
| minor 8 | = | 8 Courses |
| TOTAL | | 30 Courses |

One course would cost Rs. 50000.00 and so for 30 courses the total financial requirement would be Rs. 15 lakhs. We propose to undertake 60 courses during this academic year. Hence the financial assistance required from U.G.C. is to the tune of Rs. 30 lakhs. Then only we would be able to update 50% of our teachers by the outset of the next academic year.

**Norms for selection of teachers to refresher courses**

a Only teachers of University and of the affiliated colleges falling under stection 2 (f) or 12 (b) or U.G.C. Act are eligible for selection.
(Colleges with permanent affiliation)

b The teacher on selection willbe sponsored for the full duration and would be treated as "on duty".

c Preference will be given to those who have not attended any course.

d Teachers with not less than 5 years only will be considered for selection.

e Selection will be based on seniority ie total length of service.

f More than two teachers will not be selected from one college for one coursec

g If sufficient applicants are not available teachers with less experience could be considered for selection.

**Administration**

1 The D.C.D.C. could be the Zonal Director of the Kottayam Zone.

2 The Director of Distance Education could be the zonal Director of Ernakulam zone.

3 Subject wise/campwise Deputy Director/Co-ordinator could be appointed.

4 Qualified professors in the Department where the course is held could be appointed as Deputy Director/Co-ordinator.

5 The Deputy Director, Co-ordinator will arrange and conduct the courses for and on behalf of the University.

6 Supporting staff and other facilities are to be provided to the zonal offices.

7 The decisions of the Academic Advisory Committee shall be final as far as administrative and academic matters relating to the conduct of the courses are concerned.

**Monitoring the system**

1 Opinion of the following may be collected

a Subject experts/Professors

b Zonal Directors

c Participants of the Courses

2 The Academic advisory Committee to examine the opinion and data collected/review

3 Modifications, Alterations and improvement could be effected by the Academic advisory Committee □

---

# ഗവ: ഉത്തരവുകൾ

പൊതുവിദ്യാഭ്യാസ വകുപ്പ്.

## പത്രക്കുറിപ്പ്

ഹയർസെക്കൻററി കോഴ്സിനു ചേരുന്ന വിദ്യാർത്ഥികൾക്ക് രണ്ടാം പാർട്ടായി മലയാളമോ, ഹിന്ദിയോ, അറബിക്കോ പഠിക്കാവുന്നതാണെന്നും, മൂന്നാം പാർട്ടിലെ മാനവിക വിഷയങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പിൽ, ചരിത്രം, ഭൂമിശാസ്ത്രം: ഇക്കണോമിക്സ് എന്നിവയും, നാലാമത്തെ വിഷയമായി ഹിന്ദി, അറബിക്, മലയാളം ഇവയിലേതെങ്കിലും ഒന്നും പഠിക്കാവുന്നതാണെന്നും വ്യക്തമാക്കികൊള്ളുന്നു. ഹിന്ദി നിർബന്ധ വിഷയമാക്കിയിരിക്കുന്നുവെന്നും മലയാളം അവഗണിക്കപ്പെട്ടിരിക്കുകയാണെന്നും ചില സംഘടനകൾ തെററായി പ്രചരിപ്പിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിലാണ് ഈ വിശദീകരണം.

20172/ജെ1/പൊ: വി:

6-11-1990

ലിസി ജേക്കബ്

സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ്

പകർപ്പ്: (ഡി.പി.ആർ) പ്രസിദ്ധീകരണത്തിനായി)

2) വിദ്യാഭ്യാസ ഡയറക്ടർ

3) ജി. മാധവൻ നായർ

ജനറൽ സെക്രട്ടറി

എ.കെ.പി.സി.ടി.എ.

എൻ.എസ്.എസ്.

കോളേജ്, ധനുവച്ചപുരം

## GOVERNMENT OF KERALA

No. 81374/SL2/90/Fin.

Finance Department,
Thiruvananthapuram,
Dated : 21-11-1990.

From
The Commissioner & Secretary (Finance)

To
The Secretary,
AKPCTA,
28/406,
Ambujavilasom Road,
Thiruvananthapuram-1

Sir,

Sub : Private Colleges-furnishing of approval orders in original with the bill claiming first salary-Reg.

Ref : Your representation dt : 16-10-1990.

Please refer to the representation cited. Necessary directions have been given to the Director of Treasuries in this regard (copy enclosed.),

Yours faithfully,
G. Santhamma,
Under Secretary,
For Commissioner &Secretary (Fin.).

Approved for Issue
Section Officer

---

## GOVERNMENT OF KERALA

No. 81374/SL2/90/Fin.

Finance Department,
Thiruvananthapuram,
Dated : 14-11-1990.

From
The Commissioner & Secretary (Finance).

To The Director of Treasuries,
Thiruvananthapuram,

Sir,

Sub : Private Colleges-Furnishing of approval orders in original with the bill claiming first salary-Reg.

Ref: 1 Your letter No. E3.12405/88, dt : 2-2-1990.

2 Govt. letter No. 62862/SL2/89/Fin. dt : 9-3-1990.

......

Please refer to the letters cited. Since approval orders of the appointments in Private Colleges are to be issued by the Universities concerned, the Director of Collegiate Education has requested the Registrars of the three Universities of the State to issue two copies of the approval orders to the Principals, who shall paste one copy in the Service Book and attach the other with the bill claiming first salary of the incumbents. You are therefore requested to issue instructions to your Treasury Officers to pass the salary bills of the Principals of private Colleges who attach the original copy of the approval orders issued by the University concerned for claiming the first salary of the incumbents, if the bills are otherwise in order.

Yours faithfully,
V.N. Ambika Devi,
Additional Secretary,
For Commissioner & Secretary(Fin)

Approved for Issue
Section Officer,

Copy to the Director of Collegiate Education, Thiruvananthapuram
vide their Circulars No. PA.II (2)/23568/89. dt ; 2-5-1990 and P.A.II (2)/23568/89. dt : 24-4-1990.

## 27-9-1990: Stagnation increment

Abstract

Pay Revision 1988-stagnation increment-modification of scheme-Orders issued.

Finance (Spl. P. R C.) Department

G. O. (P) No. 477/90/60 Fin. Dated, Thiruvananthapuram, 27-9-1990.

*Read:*- G.O.(p)480/89/Fin dated1-11-1989

ORDER

According to para 11 of General Pay Revision Orders 1988 read above, employees who reach maximum of the scale of pay and become ineligible for further increment in their revised scales of pay would be allowed stagnation increment at the rate of one increment of completion of every two years of service after reaching the maximum of 3 such increments. A number of service organisation and employees have represented to Government that the stagnation increments may be granted annually instead of the present biennial system, since the majority of the employees who have reached the maximum of their scales of pay will not get the opportunity to enjoy the benefit of all the three biennial increments contemplated in the pay revision orders.

Government have reviewed the scheme for granting stagnation increments in the light of the representation and are pleased to order that the scheme for granting stagnation increments will be revised as follows:-

The first two stagnation increment will only be sanctioned as annual and the third only as biennial ie. one increment each will be granted at the end of the 1st & 2nd years of service and a third increment at the end of the 4th years service in the post after which the employee has reached the maximum of his scale of pay. The other conditions regarding grant of stagnation increments remain unchanged.

3. These orders will take effect from 1-7-1988.

4. Formal amendment to K. S. Rs. will be issued separately.

By Order of the Governor,

Sd/-

M. Mohan Kumar,

Commissioner & Secretary (Frnance)

---

## 18-10-"90: U. G. C. Scheme

G.O.(MS)No.254/90/H Edn. dtd. 18-10-90 from the Joint Secretary to Govt.Higher Edn.(B) Dept. addressed to the Director of Coll. Edn., Thiruvananthapuram.

Higher Edn.-UGC Scheme-Implementation of the recommendations of the Committee on Anomalies and grievances accepted-further orders-issued.

*Read*:- 1. G.O.(P)No. 79/90/H. Edn. dated 27-3-90

2. ,, No. 80/90/H. Edn. dtd 27-3-90

3. ,, No. 128/90/H. Edn. 29-5-90

4. ,, No. 135/90/H. Edn. dtd 1-6-90

ORDER

In pursuance of the recommendations made by the Committee for redressal of anomalies and grievance Government are pleased to issue the following orders

1. The condition stipulated in the appendix to the Govt. Order read as fourth paper above under formula for fixation of pay as sub para (b) under para 1 is deleted.

2. The last date for exercising option for coming over to the UGC Scheme/Scale of pay will be 31-1-1991.

By Order of the Governor,

Sd/-

O. Mohammed Meeran.

Joint Secretary.

# GOVERNMENT OF KERALA
## ABSTRACT

Family Benefit Scheme and Group Insurance Scheme-Elimination of delay in Closure of Accounts–Proceedure for advance remittance of subscription in a lump prior to retirement - orders - Issued.

.................................................................

FINANCE (FBS) DEPARTMENT

G.O.(P)No.285/90/Fin. Dated, Thiruvananthapuram, 28-4-1990.

.................................................................

*Read:* 1. G.O.(P) 405/77 Fin. dated 19-10-1977.

2. G.O.(P) 392/84/Fin. dated 9-8-1984.

ORDER

It has come to the notice of Government that final payment of the claims due to the subscribers under the Family Benefit Scheme and Group Insurance Scheme, are very often delayed even after the date of retirement, due to the time taken for verification of the entire recovery particulars of the amount at credit of the subscribers.

Government after examining the matter in detail, are pleased to order that the subscribers under Family Benefit Scheme and Group Insurance Scheme, are given option to remit the subscription amount in respect of Family Benefit Scheme and Group Insurance Scheme, for the last six months immediately preceeding the normal date of their retirement in lump. The mode of remittance of such subscription, shall be made by way of salary deduction in the monthly salary bill, six months before the due date of retirement of the subscribers. In the case of death while in service within this period of six months, the excess subscription if any made by that time will also be disbursed to the legal heirs of such subscribers along with the death benefit as contemplated under the schemes.

All drawing and disbursing officers will bring the contents of this order to the notice of all the employees under their control and effect smooth and speedy disbursement of amounts under the schemes accordingly.

(By order of the Governor)

R. NARAYANAN

Commissioner & Secretary (Finance)

To

The Accountant General(A&E)/Audit, Kerala, Thiruvananthapuram.

The Secretary, Kerala Public Service Commission (with C.L.)

All Heads of Departments and Offices

All Departments (all Sections) of the Secretariat

The Registrar, High Court of Kerala Ernakulam (with C.L.)

The Registrars. University of Kerala/Calicut/Cochin/Kottayam (with C.L.)

The Registrar, Kerala Agricultural University, Thrissur (with C.L.)

The Advocate General, Ernakulam (with C.L.)

The Secretary, K.S.E.B. Thiruvananthapuram (with C.L.)

Forwarded/By Order,

Section Officer.

No. PF/Cir./90/

Office of the Director of
Collegiate Education,
Vikas Bhavan, Thiruvananthapuram.
Dated : 14.11.1990

## CIRCULAR

Sub:-Closure of K. P. C. T. P. F./K. P. C. N. T. S. P. F. delay in forwarding the applications–instructions–regarding.

It has been brought to the notice of the under signed that the principals of certain colleges are not forwarding the P. F. closure applications in time and it results inordinate delay in the settlement of P. F. claims. To avoid such delay the principals of private Colleges are directed to forward the closure applications well in advance along with the following enclosures.

1) Closure application.
2) Credit statement in original.
3) Copies of order sanctioned the Temporary advance/ Non-refundable Advance to the incumbent.
4) Debit certificate duly countersigned by the principal.
5) A declaration agreeing to refund the excess amount if any received by the Subscriber.
6) Certificate regarding correctness of account number.
7) Death certificate and nomination in the case of diseased officer.

The principal should forward the— P. F. closure applications of the persons retiring on 3/91, 4/91 and 5/91 to the Dy. Directors of Collegiate Education concerned before 31-12-1990.

---

The Dy. Directors of Collegiate Education will forward the application to this office so as to reach before 15.1.1991 Applications received after the time limit will be settled without sanctioning additional interest and the principals will responsible for the loss, due to the delay.

Accounts Officer.

To

1. The principals of all private Arts and Science Colleges, Training Colleges and Arabic Colleges.
2. The Dy. Directors of Collegiate Education, Kollam/Kottayam/Trissur/Tripunithura/Calicut,
3. PF I, II and IV Sections.

# ജവഹർനിസാബീഗത്തിന് ഡോക്ടറേററ്



ചെമ്പഴന്തി എസ്. എൻ. കോളേജിലെ ചരിത്രവിഭാഗം ലക്ചറർ ശ്രീമതി ജവഹർനിസാബീഗത്തിന് കേരളയൂണിവേഴ്സിററിയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "തിരുവിതാംകൂറിലെ വിദ്യാഭ്യാസ വളർച്ചയിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പങ്ക്" എന്നതായിരുന്നു ഗവേഷണ വിഷയം.

എ. കെ. പി. സി. ടി. എ. ചെമ്പഴന്തി ബ്രാഞ്ച് ശ്രീമതി ജവഹർനിസാബീഗത്തെ അനുമോദിച്ചു.



നധുവച്ചപുരം കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച് സംഘടനയുടെ മന്ദിരഫണ്ടിലേയ്ക്കുള്ള ആദൃഗഡു നല്കുന്നയോഗത്തിൽ പങ്കെടുത്ത അധ്യാപകർ.



കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ പ്രൊഫ. എസ്. വി. വേണുഗോപൻനായർ.

**kerala private college teacher**
monthly journal of the all kerala private college teachers' association
No. 98 R. No. M-36025/81 Registered No. KLTV (N) 35

# കേരള പ്രൈവററ് കോളേജ് ടീച്ചർ

# 100-ാം ലക്കം

# സ്പെഷ്യൽ

## 1991 മാർച്ചിൽ പ്രസിദ്ധീകരിക്കുന്നു

വിദ്യാഭ്യാസ-കലാ-സാഹിത്യ രംഗങ്ങളിലെ സമകാലീന

പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ശ്രദ്ധേയമായ പ്രസിദ്ധീകരണം

## പരസ്യങ്ങൾക്ക് ഏതാനും പേജുകൾ

എഴുതുക:
മാനേജിംഗ് എഡിററർ
അശ്വതി
എൽ. ഐ. സി. ലെയിൻ. ബി.
പട്ടം, തിരുവനന്തപുരം

printed and published by. v. narayanankutty at chempaka printers
thiruvananthapuram-4 phone: 82127 chief editor. k. sukumaran nair